2018 ജനുവരി 28
വാല്യം 11
ലക്കം 02

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 12

# മറ്റുള്ളവയേക്കാൾ അധികം നാം കർത്താവിനെ സ്നേഹിക്കണം: റവ. സി. സി. തോമസ്

**തിരുവല്ല:** ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷന് അനുഗ്രഹീത തുടക്കം. ദൈവസഭ കേരളാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി അദ്ധ്യക്ഷത വഹിച്ച കൺവൻഷൻ കേരളാ സംസ്ഥാന ഓവർസിയർ റവ.സി.സി.തോമസ് ഉത്ഘാടനം ചെയ്തു. റോമർ 11:12 വാക്യത്തെ ആധാരമാക്കി അദ്ദേഹം ഈ വർഷത്തെ കൺവൻഷൻ തീം അവതരിപ്പിച്ചു പ്രസംഗിച്ചു. ദൈവസഭയുടെ ശക്തി പ്രാർത്ഥനയിലാണ്. ഭാവിക്കേണ്ടതിനു മീതേ ഭാവിക്കുമ്പോൾ നമ്മൾ പരാജയം അനുഭവിക്കുമെന്നും നാം ആയിരിക്കുന്നത് ദൈവകൃപയിൽ മാത്രമാണെന്നും അദ്ദേഹം ദൈവസഭാ സമൂഹത്തെ ഓർമ്മിപ്പിച്ചു. കർണാടകക ദൈവസഭ ഓവർസിയർ റവ.എം.കുഞ്ഞപ്പി, മുൻ കേരളാ സ്റ്റേറ്റ് ഓവർസിയർ റവ.കെ.സി.ജോൺ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFiCE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എനിക്കും പറയാനുണ്ട്

# പെന്തെക്കോസ്തിലും വട്ടന്മാരോ?



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കേന്ദ്ര മന്ത്രി അൽഫോൻസ് കണ്ണന്താനത്തിന്റെ വാക്കുകൾക്ക് ചെറിയൊരു വ്യതിയാനം വരുത്തിയതാണ് ഈ ലേഖനത്തിന്റെ തലക്കെട്ട്. കുമ്പനാട് കൺവൻഷനിൽ പ്രസംഗകനായി എത്തിയ കേന്ദ്ര മന്ത്രി തന്റെ പ്രസംഗത്തിൽ ഇന്ത്യയിൽ പ്രശ്നമുണ്ടാക്കുന്ന ആളുകളെ പരാമർശിച്ചപ്പോഴാണ് വട്ടൻ പ്രയോഗം നടത്തിയത്. വട്ടന്മാർ എല്ലായിടത്തുമുണ്ട് എന്നായിരുന്നു തന്റെ പരാമർശം. വളരെ അർത്ഥവത്തായൊരു നിരീക്ഷണമായിരുന്നു അതെന്ന് എനിക്കും തോന്നി. ഇക്കുറി കുമ്പനാട് കൺവൻഷനിലെ ചിലരുടെ പ്രസംഗം കേട്ടപ്പോൾ അത് ശരിയാണെന്ന് തോന്നി. നമ്മുടെ സമൂഹത്തിൽ പ്രശ്നമുണ്ടാക്കുന്ന വട്ടന്മാരുടെ എണ്ണം ഈ കാലഘട്ടത്തിൽ വളരെ വർദ്ധിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഇക്കുറി കുമ്പനാട് കൺവൻഷനിൽ പല പ്രസംഗകരുടെയും ഉന്നം മാധ്യമങ്ങളായിരുന്നു. തികഞ്ഞ രോഷത്തോടെയാണ് പലരും കിട്ടിയ അവസരം മാധ്യമങ്ങൾക്കെതിരെ ഉപയോഗിച്ചത്. അതുകൊണ്ടുതന്നെ അവരുടെ പ്രസംഗത്തിൽ പട്ടിയും പൂച്ചയും ഒക്കെയായിരുന്നു പ്രധാന കഥാപാത്രങ്ങൾ. ചിലർ മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും ശപിക്കുകയും ചെയ്തു. പെന്തെക്കോസ്തിലെ സകലപ്രശ്നത്തിന്റെയും ഉത്തരവാദികൾ മാധ്യമങ്ങളാണ് എന്നത്രേ ഇവരെല്ലാം പറഞ്ഞുവയ്ക്കുന്നത്. മുഖം നന്നാകാത്തതിന് കണ്ണാടി പൊട്ടിക്കുകയാണ് ഇക്കൂട്ടർ. മുഖത്തിന്റെ വൈരൂപ്യം കണ്ണാടി കാട്ടിത്തരുന്നതുപോലെ മാധ്യമങ്ങൾ അവരുടെ കടമ നിർവ്വഹിക്കുന്നു. അപ്പോൾ നമ്മുടെ നേതാക്കന്മാരുടെ വികൃതമുഖം നാട്ടുകാർ തിരിച്ചറിയുന്നു. അതാണ് ഇവിടെ സംഭവിക്കുന്നത്. അഴിമതി, ദുരുപദേശം, അശുദ്ധ ജീവിതം ഇതെല്ലാം നിർബാധം തുടരുന്ന നേതാക്കന്മാർ അതിൽ നിന്ന് മാനസാന്തരപ്പെടുന്നതിനു പകരം തങ്ങളുടെ തെറ്റുകളെ ചൂണ്ടികാണിക്കുന്നവരെ ഉന്മൂലനം ചെയ്യുവാൻ നടത്തുന്ന ശ്രമങ്ങൾ അപഹാസ്യമാകുകയാണ്. അഴിമതിക്കാരും സ്വജനപക്ഷപാതികളുമായ നേതാക്കന്മാർക്ക് സ്തുതി പാടുന്ന മാധ്യമ പിമ്പുകളെയാണ് എന്നും താല്പര്യം. സമൂഹത്തിന്റെ പുഴുക്കുത്തുകൾക്കെതിരെ തൂലിക ചലിപ്പിക്കുന്ന മാധ്യമങ്ങൾ ഇത്തരക്കാർക്ക് എന്നും അനിഷ്ടരാണ്. സ്വദേശ അഭിമാനി രാമകൃഷ്ണപിള്ളയുടെ പിന്തുടർച്ചക്കാരാണ് ഇവിടുത്തെ മാധ്യമങ്ങൾ. സെക്കുലർ രാഷ്ട്രീയത്തിൽ നിന്ന് കുറച്ചുകൂടി വിഭിന്നമാണ് ക്രൈസ്തവ മാധ്യമമെന്ന് സമ്മതിക്കുന്നു. എന്നാൽ വിമർശനം പാപം ആണെന്ന് പറഞ്ഞ് പഠിപ്പിക്കുന്നവർ കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ച് ശരിയായ അറിവില്ലാത്തവരാണ്. സമൂഹത്തിന്റെ പ്രത്യേകിച്ച് ആത്മീയതയുടെ മറവിലെ ഇരുളിന്റെ ശക്തികൾക്കെതിരെ ശക്തമായി തന്റെ വാക്കുകൾ ഉപയോഗിച്ചവനാണ് യേശുക്രിസ്തു. ദേവാലയത്തിനുള്ളിലെ കച്ചവടക്കാരെ ചാട്ടവാറുകൊണ്ട് അടിച്ചുപുറത്താക്കി പീഠങ്ങൾ മറിച്ചിട്ടവനാണ് നമ്മുടെ കർത്താവ്. വിമർശനം പാപമല്ല അത് ക്രിയാത്മാകമാകുമ്പോൾ ജീവിതങ്ങളെ ദിശാബോധം നൽകി നേർവഴിക്ക് നടത്തുവാൻ ഉതകും.

മാധ്യമങ്ങളും സ്വയവിമർശനം നടത്തേണ്ടിയിരിക്കുന്നു എന്നാണ് എനിക്കും പറയാനുള്ളത്. പലപ്പോഴും ആശയ സംഘർഷങ്ങൾ വ്യക്തിപരമായ സംഘർഷങ്ങളായി മാറുന്നു. ആശയഖണ്ഡനത്തിനപ്പുറം വ്യക്തിഹത്യയിലേക്കും സ്വകാര്യജീവിതത്തിലേക്കുള്ള ഒളിഞ്ഞുനോട്ടവുമായി മാറുമ്പോൾ അത് ക്രിസ്തീയ മാധ്യമ ധർമ്മമാണോ എന്ന് സംശയിച്ചുപോകും. തെറ്റ് ചൂണ്ടിക്കാട്ടുമ്പോൾ പേരുകൾ പരാമർശിക്കപ്പെടേണ്ടിവരും. അത് വ്യക്തിഹത്യയാണെന്ന് പറയുവാൻ പറ്റില്ല. ഒരു നേതാവിനെയോ സംഘടനയോ വിമർശിക്കുന്നത് ആശയപരമായ കാര്യങ്ങളിലോ അവർ നടത്തുന്ന അഴിമതിക്കെതിരെയോ ആകണം. അതുകൊണ്ട് സമൂഹത്തിന് ഗുണകരമാകുകയും വേണം.

ഇന്ന് നമ്മുടെ ഒട്ടുമിക്ക പ്രസ്ഥാനങ്ങളും അഴിമതിയിൽ മുങ്ങിത്താണിരിക്കുകയാണ്. ദൈവഭയമില്ലാതെ ഭോഗപ്രിയരായ ഒരു കൂട്ടമായി പെന്തെക്കോസ്ത് മാറിയിരിക്കുന്നു. നോഹയുടെയും ലോത്തിന്റെയും കാലം പോലെ ഒരു വല്ലാത്ത കാലമാണ് ഇന്ന് പെന്തെക്കോസ്തിലും കാണുന്നത്. തകർക്കുവാൻ തക്കം പാർത്തിരിക്കുന്ന ഒരു കൂട്ടം നേതാക്കന്മാർ പരസ്പരം പോരടിക്കുന്നു. കസേരയ്ക്കുവേണ്ടിയും പണത്തിനുവേണ്ടിയും ഏത് അറ്റംവരെയും താഴുവാൻ ഒരു ലജ്ജയുമില്ലാത്ത നേതാക്കന്മാർ ഭരിക്കുന്ന ഈ സമൂഹം എങ്ങനെ നന്നാകും.

ഇവിടെ നന്നാകേണ്ടത് മാധ്യമങ്ങളല്ല, തെറ്റുകൾ ചെയ്യുന്നവർ തന്നെയാണ്. അവരാണ് മാനസാന്തരപ്പെടേണ്ടത്. കൺവൻഷൻ വേദികളിൽ ശപിക്കുകയും മാധ്യമങ്ങളെയും അതിന്റെ പ്രവർത്തകരെയും മൃഗങ്ങളോട് ഉപമിച്ച് പ്രസംഗിച്ച് തങ്ങളുടെ സമയം വ്യർത്ഥമാക്കുന്ന തൊണ്ടതൊഴിലാളികളോട് സഹതാപം മാത്രമേയുള്ളൂ. സ്റ്റേജിൽ മാധ്യമങ്ങൾക്കെതിരെ കണ്ഠക്ഷോഭം നടത്തുന്നവർ അടുത്ത തെരഞ്ഞെടുപ്പിൽ സഹായം വേണമെന്ന് അഭ്യർത്ഥിച്ച് എത്തുമ്പോൾ അവരോട് തോന്നുന്നത് പുച്ഛം മാത്രം. കണ്ണാടി എറിഞ്ഞുടയ്ക്കുന്നതിനു മുമ്പ് തങ്ങളുടെ മുഖത്തെക്കുറിച്ച് ഒരു ബോധ്യം സ്വയം ഉണ്ടാക്കുകയാണ് നല്ലത്. സ്റ്റേജിൽ നടത്തുന്ന പെർഫോമൻസുകൊണ്ട് ചിലരെയെങ്കിലും തെറ്റിദ്ധരിപ്പിക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ നവമാധ്യമങ്ങൾ ശക്തമായ ഇക്കാലത്ത് ബഹുഭൂരിപക്ഷവും നേതാക്കന്മാരുടെ തനിനിറം അറിഞ്ഞവരാണ്. അതിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നുമില്ല. എല്ലാവരും ഒരു വണ്ടിക്ക് കെട്ടുവാൻ കഴിയുന്നഗണത്തിൽ ഉള്ളവരാണ്. ഒരു വട്ടൻ സാധാരണ പറയുന്നതുപോലെ അകത്ത് കന്യകമറിയം പുറത്ത് കമ്പോള മറിയം. അകത്ത് ദൂതൻ പുറത്ത് ഭൂതം.

വേണം നമുക്ക് വലിയൊരു മാറ്റം. പ്രശ്നമുണ്ടാക്കുന്ന വട്ടന്മാരോ മതം തലയ്ക്കുപിടിച്ച പരീശന്മാരോ ആയിരിക്കുവാനല്ല നമ്മെ ആക്കിയിരിക്കുന്നത്. പുൾപിറ്റിൽ ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നതിനുപകരം ആവശ്യക്കാരിലേക്ക് ഇറങ്ങിച്ചെല്ലുന്ന ക്രിസ്തുവിന്റെ മാതൃകപ്രകാരമുള്ള ശുശ്രൂഷയാണ് നമുക്കാവശ്യം. ശുശ്രൂഷയുടെ അടയാളമായി തോർത്ത് അരയ്ക്ക് കെട്ടി ശിഷ്യന്മാരുടെ പാദം കഴുകിയ ക്രിസ്തുവാണ് നമ്മുടെ മാതൃക. ശുശ്രൂഷിക്കപ്പെടുക എന്നതല്ല ശുശ്രൂഷിക്കുക എന്നതാണ് ക്രിസ്തീയ ദൗത്യം. സ്റ്റേജുകളിൽ നടത്തുന്ന പ്രകടനങ്ങൾ മനുഷ്യരുടെ കണ്ണിൽ പൊടിയിടുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ കർത്താവിന്റെ നാളിൽ അനേകർ ക്രിസ്തുവിനോട് പറയുന്നത് നിന്റെ നാമത്തിൽ ഞാൻ ഭൂതങ്ങളെ പുറത്താക്കിയെന്നു തുടങ്ങിയുള്ള കാര്യങ്ങളാണ്. എന്നാൽ കർത്താവിന്റെ മറുപടി ഞാൻ നിങ്ങളെ ഒരു നാളും അറിയുന്നില്ല എന്നുമാണ്. അതുകൊണ്ട് തന്നെ നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

## വേദപഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

–തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാളായ യൂദാ പണത്തിന്റെ കൊതി മുഖാന്തിരം മുപ്പതു വെള്ളിക്കാശിനു കർത്താവിനെ അല്ലെങ്കിൽ ഗുരുവിനെ ഒറ്റിക്കൊടുത്തു, ആ പണം അവൻ പിന്നീട് വലിച്ചെറിഞ്ഞു കളയേണ്ടി വന്നു, എന്നു മാത്രമല്ല മനസാക്ഷിക്കുത്തു നിമിത്തം കെട്ടി ഞാന്നു ചത്തുകളഞ്ഞു, പണം വരുത്തിവയ്ക്കുന്ന വിന. പണത്തെ നാം കാണേണ്ടത് തീ നമ്മുടെ വീടുകളിലെ ആഹാരം പാകം ചെയ്യുവാൻ ഉപയോഗിക്കുന്നു അതുപോലെ അയൽവാസിയുടെ വീട് കത്തിക്കുവാനും ഉപകരിക്കുന്നു. ധനികരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദ്രോഹകരമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. 1 തിമൊ. 6:9 യേശു കർത്താവ് പറഞ്ഞു, ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം. കർത്താവിനെ സമീപിച്ച ധനികനായ പ്രമാണിയോടു നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രന്മാർക്കു പകുത്തുകൊടുക്കുക എന്നാൽ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും എന്നത്രെ, ലൂക്കോ. 18:22. ധനത്തെ യേശുക്രിസ്തു വിശേഷിപ്പിച്ചത് മാമോനെന്നാണ്, ഒരിക്കലും പണത്തെ സ്നേഹിച്ച് ജീവിതത്തെ നശിപ്പിച്ചുകളയരുത്, ധനികനായ ഭക്തൻ ഒരു പക്ഷെ ധനത്തോടുള്ള ബന്ധത്തിൽ വലിയ ഭക്തൻ ആയിരിക്കും എന്നാൽ ദരിദ്രനായ ദൈവഭക്തൻ തന്റെ, വിശ്വാസത്തിൽ സമ്പന്നനാണ്. ധനികർക്കും വിശ്വാസികളാകാൻ കഴിയും മത്തായിയും സക്കായിയും ഇയ്യോബും അബ്രഹാമും ഇതിനു ഉദാഹരണങ്ങളാണ്. സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും എന്നത്രെ, പണം വിശ്വാസിയെ വി

### തിമൊഥെയൊസ്

ശ്വാസത്തിൽ നിന്നും പുറകോട്ട് വലിക്കുവാൻ ഇടയാകും എന്നാൽ ദരിദ്രൻ വിശ്വാസത്തിൽ സമ്പന്നൻ ആയിരിക്കും. ഓർക്കുക, ധനത്തോടുള്ള അമിതമായ ആഗ്രഹമാണ് സകലവിധ ദോഷത്തിനും കാരണം, എല്ലാവിധ ദോഷങ്ങളുടെയും നാരായ വേര് ദ്രവ്യാഗ്രഹം. ധനം ഉപ്പു വെള്ളം പോലെയാണ് എന്നൊരു ചൊല്ല് റോമാക്കാരുടെ ഇടയിലുണ്ട്. സുരക്ഷിതത്വത്തിന്റെയും സന്തോഷത്തിന്റെയും ഉപാധിയാണ് ധനം എന്നുള്ള മിഥ്യാബോധത്തിലാണ് ധനസമ്പാദനത്തിനുവേണ്ടിയുള്ള പരക്കം പാച്ചിൽ മനുഷ്യർ നടത്തുന്നത്. ദൈവം ഈ ലോകത്തിലുള്ള സകല ആളുകൾക്കും ആവശ്യമായ വിഭവശേഷിയോടെയാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ഒരു കൂട്ടർ സമ്പന്നരും മറ്റൊരു കൂട്ടർ ദരിദ്രരും ആകുന്നത് ചൂഷണവും കൊള്ളരുതായ്മയും പിടിച്ചുപറിയും തട്ടിപ്പും വഞ്ചനയും നടത്തുന്നതുകൊണ്ടാണ്. ശരിയായ രീതിയിൽ ജീവിക്കുകയും നീതിയിലും ന്യായത്തിലും കാര്യങ്ങൾ നടത്തി ജീവിക്കുവാൻ ശ്രമിക്കുന്നവർക്കും എന്നും കഷ്ടവും നഷ്ടവും ബുദ്ധിമുട്ടും ഞെരുക്കവും ക്ലേശവും പട്ടിണിയും രോഗവും പ്രയാസവുമാണ് എന്നാൽ ദൈവത്തെ ഭയപ്പെട്ടു ദൈവവചനപ്രകാരം ജീവിക്കുന്നവർക്കു ബുദ്ധിമുട്ട് ഉണ്ട്. യേശുക്രിസ്തു ഒരിക്കലും സുഖത്തിന്റെ പാതയല്ല തെളിച്ചുതന്നത്, ക്രിസ്തീയ ജീവിതം പൂമെത്തയല്ല. മറിച്ചു ബുദ്ധിമുട്ടും പ്രയാസങ്ങളും മുള്ളുകളും നിറഞ്ഞതാണ്, അതാണ് യേശുക്രിസ്തു വിഭാവനം ചെയ്ത ജീവിതം. (തുടരും...)

വാർത്തകളും ലേഖനങ്ങളും അയക്കേണ്ട വിലാസം
BELIEVERS JOURNAL
Kandankeril Building
Kumbanad P.O, Thiruvalla - 689 547

അക്ഷരങ്ങളുടെ അത്ഭുതലോകം 10

# ആത്മാവിനെ സ്പർശിക്കുന്ന വചനശുശ്രൂഷ



ടീയെസ് കപ്പമാംമൂട്ടിൽ

കേരളത്തിൽ അങ്ങോളമിങ്ങോളം ദൈവവചനത്തിന്റെ വിത്തുകൾ സമൃദ്ധമായി വിതയ്ക്കുവാനുള്ള കാലമാണിത്. ഓരോ ആത്മീയ സമ്മേളനത്തിനു പിമ്പിലും അനേകരുടെ ത്യാഗങ്ങളുണ്ട്. സമ്മേളനങ്ങൾ വിജയിപ്പിക്കുവാൻ അഹോരാത്രം കഠിനാദ്ധ്വാനം ചെയ്യുവാനും വിലപ്പെട്ട സമയത്തിന്റെ ഒരു ഭാഗം അതിനായി വേർതിരിക്കുവാനും സാമ്പത്തികാവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുവാനും പരപ്രേരണ കൂടാതെ മുമ്പോട്ട് വരുന്ന വിശ്വാസികൾ ഇത്തരം സംഗമങ്ങളുടെ വിജയത്തിന്റെ നിർണ്ണായകമായ പങ്കുതന്നെയാണ് വഹിക്കുന്നത്.

സുവിശേഷ സമ്മേളനങ്ങളായാലും വിശ്വാസികളുടെ ആത്മീയ സംഗമങ്ങളായാലും അവയുടെ വിജയം അളന്നു തിട്ടപ്പെടുത്തുവാനുള്ള മാനദണ്ഡനങ്ങൾ തികച്ചും വ്യത്യസ്തങ്ങളാണ്. പന്തൽ നിറഞ്ഞു കവിയുന്ന ആൾക്കൂട്ടമെന്ന് ഒരു കൺവൻഷനെ വൻവിജയമാക്കുന്നതെന്ന് വിശ്വസിക്കുന്ന ഒരു വലിയ വഭാഗമുണ്ട്. ആധുനിക സംഗീതയുപകരണങ്ങളുടെ അകമ്പടിയോടെ വേദി ഇളക്കിമറിക്കുന്ന സംഗീതമാണ് സമ്മേളനത്തെ വിജയിപ്പിക്കുന്നതെന്ന് വിശ്വസിക്കുന്നവരും ഏറെയാണ്. പ്രശസ്തരായ വചനപ്രഘോഷകരാണ് വിജയത്തിന്റെ ആണിക്കല്ലെന്നു കരുതുന്ന ഒരു വിഭാഗവുമുണ്ട്. പണം വാരിയെറിഞ്ഞുള്ള പബ്ലിസിറ്റിയും ആർഭാടങ്ങളും സമ്മേളനങ്ങൾക്ക് വിജയത്തിന്റെ പരിവേഷമേകുന്നു എന്ന് ചിന്തിക്കുന്ന ഒരു ന്യൂനപക്ഷവും നമ്മുടെയിടയിലുണ്ട്.

കൺവൻഷന്റെ ഫലമായി ശ്രോതാക്കൾക്ക് എത്രത്തോളം രൂപാന്തരമുണ്ടായി എന്നതാണ് ഒരു സുവിശേഷയോഗത്തിന്റെ വിജയത്തെ അളക്കുവാൻ ഏറ്റവും അനുയോജ്യമായ മാനദണ്ഡം. പ്രക്ഷുബ്ധമായ മഹാസമുദ്രത്തിലെ അലമാലകൾ പോലെ സ്പതസ്വരങ്ങളുടെ നാദധാരവേദിയെ വിറപ്പിച്ചാലും പ്രശസ്തിയുടെ കൊടുമുടിയിൽ ചുവടുറപ്പിച്ചു നില്ക്കുന്ന വചനപ്രഘോഷകരുടെ ശബ്ദാഡംഭരപൂർണ്ണമായ വചനഘോഷണത്തിലൂടെ വേദിയെ ഇളക്കി മറിച്ചാലും പാപികൾ ദൈവകൃപയിലേക്ക് വരുന്നില്ലെങ്കിൽ ആ സമ്മേളനത്തെക്കുറിച്ച് അഭിമാനിക്കുവാൻ എന്തെങ്കിലും വകയുണ്ടെന്നു തോന്നുന്നില്ല.

യോഹന്നാൻ സ്നാപകനെക്കുറിച്ച് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകളിൽ സുവിശേഷയോഗങ്ങളുടേയും വചനഘോഷണത്തിന്റേയും വിജയമളക്കുവാനുള്ള ലളിതമായ മാനദണ്ഡം വ്യക്തമാക്കിയിട്ടുണ്ട്. “അവൻ പറഞ്ഞത് ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവനെ അനുഗമിച്ചു” (യോഹ.1:37). വചനശുശ്രൂഷ നടത്തുന്ന പ്രസംഗകന്റെ ഓരോ വാക്കുകളും ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കണം. അവരിൽ ചിലരെങ്കിലും യേശുവിനെ അനുഗമിക്കുവാൻ ഒരുക്കപ്പെടണം. ആത്മാക്കൾ വിടുവിക്കപ്പെടാത്ത ഒരു സുവിശേഷ സമ്മേളനത്തിന്റെ നേട്ടങ്ങൾ കൂട്ടിയും കുറച്ചും ഗുണിച്ചും നോക്കുമ്പോൾ അവശേഷിക്കുന്ന ഫലം ഹൃദയത്തെ പിച്ചിച്ചീന്തുന്നതാണ്.

വചനശുശ്രൂഷയുടെ വിജയത്തിന്റെ മർമ്മം ഉൾക്കൊണ്ട വ്യക്തിയായിരുന്നു വചനപ്രഘോഷണങ്ങളിലൂടെ പാശ്ചാത്യലോകത്തെ ചലിപ്പിച്ച ചാൾസ് സ്പർജൻ. തന്റെ പ്രസംഗങ്ങളുടെ അറുപത്തിമൂന്ന് വാല്യങ്ങൾ പ്രസിദ്ധീകരിച്ച സ്പർജൻ, ശ്രോതാക്കൾക്ക് ഗ്രഹിക്കുവാൻ കഴിയുന്ന നിലയിൽ ഓരോ വചനശുശ്രൂഷയിലും, പ്രസംഗവിഷയം എന്തുതന്നെയാണെങ്കിലും, യേശുവിനെ ഉയർത്തിക്കാണിക്കണമെന്ന് പരസ്യമായി പറയുവാൻ ചങ്കുറ്റം കാണിച്ച വ്യക്തിയായിരുന്നു. വിശുദ്ധ ബൈബിളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രചോദനാത്മകമായ വിഷയങ്ങളെ ആധാരമാക്കി പണിതോചിതമായ നിരവധിപ്രസംഗങ്ങൾ ശ്രവിച്ച് സ്പർജൻ. അവയിൽ മിക്ക പ്രസംഗങ്ങളിലും ക്രിസ്തുവിനെക്കുറിച്ച് ഒരു പരാമർശനം പോലുമുണ്ടായിരുന്നില്ല എന്ന് വേദനയോടെ ഒരിക്കൽ പരിഭവപ്പെടുകയുണ്ടായി. ക്രിസ്തുവിനെ പുറത്തുനിർത്തിക്കൊണ്ടുള്ള ക്രൈസ്തവ സന്ദേശങ്ങളെ പരാമർശിക്കുവാൻ, യേശുവിന്റെ കല്ലറയ്ക്കൽ കരഞ്ഞുകൊണ്ടുനിന്നിരുന്ന മഗ്ദലക്കാരത്തി മറിയയുടെ വാക്കുകൾ ചെറിയ ഭേദഗതിയോടെ അദ്ദേഹം ഉദ്ധരിച്ചിരുന്നു.

“എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി. അവനെ അവർ എവിടെ വച്ചു എന്നു ഞാനറിയുന്നില്ല. അവനേക്കുറിച്ച് ഞാനൊന്നും കേട്ടില്ല”.

ആത്മഭാരമുള്ള ഒരു പ്രസംഗകന് മാത്രമേ ജീവിതങ്ങളെ സ്പർശിക്കുന്ന വചനശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. നിരന്തരമായ വചനപഠനവും ധ്യാനവും പ്രാർത്ഥനയും അവരുടെ ദിനചര്യയുടെ ഭാഗമായിരിക്കും. വേദിയിൽ ഒരു കാലത്ത് പ്രശോഭിച്ചവർ പൊടുന്നനെ നിഷ്ക്രമിച്ചതിന്റെ കാരണം നിത്യത്തൊഴിൽ അഭ്യാസമെന്നു കരുതി ദിവസവുമുള്ള വചനപഠനത്തെ അവഗണിച്ചതാണ്. പോർക്കളത്തിൽ അടരാടുന്ന ഒരു പടയാളി തന്റെ കൈവശമുള്ള ആയുധങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ഓരോ ദിവസവും സ്വയം പരിശീലനം നടത്താറുണ്ട്. അതുപോലെ വചനപ്രഘോഷകർ ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ വേദിയിൽ കൈകാര്യം ചെയ്യുവാനുള്ള വൈവിദ്ധ്യവും ദൈവകൃപയും ദിനംതോറുമുള്ള വചനപഠനത്തിലൂടെയും പ്രാർത്ഥനയിലൂടെയും സ്വായത്തമാക്കേണ്ടതാണ്.

വാക്കുകൾ കൊണ്ട് അമ്മാനമാടാനുള്ള നൈപുണ്യവും ബൈബിൾ സെമിനാരിയിൽ നിന്നും നേടിയെടുച്ച ദൈവശാസ്ത്രത്തിലുള്ള ബിരുദാനന്തര ബിരുദവും ശ്രോതാക്കളെ കയ്യിലെടുക്കാനുള്ള പൊടിക്കൈകളും സ്വന്തമായുണ്ടെങ്കിൽ ആർക്കും വേദികളെ ഇളക്കിമറിക്കാമെന്ന ചിന്ത വെറും വ്യാമോഹം മാത്രമാണ്. ‘ദ സീക്രട്ട് ഓഫ് പുൾപ്പിറ്റ് പവ്വർ’ എന്ന ഗ്രന്ഥത്തിൽ സൈമൺ ബ്ലോക്കർ രേഖപ്പെടുത്തിയ സംഭവം നമ്മെ അത്ഭുതപ്പെടുത്തും. മൂന്നുവർഷം നീണ്ടുനിൽക്കുന്ന ബിരുദപഠനത്തിന് ഒരു സെമിനാരിയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ മുമ്പിൽ പ്രൊഫസ്സർ ഒരു ആവശ്യം മുമ്പോട്ട് വെച്ചു. കോഴ്സ് അവസാനിക്കുന്നതിനുമുമ്പ് ബൈബിൾ ആദ്യവസാനം വായിച്ചിരിക്കണം. മൂന്നാം വർഷത്തിന്റെ അവസാനം ബൈബിൾ എത്രപേർ പൂർണ്ണമായും വായിച്ചു എന്ന് പ്രൊഫസ്സർ അന്വേഷിച്ചു. ആർക്കും വായനപൂർത്തിയാക്കുവാൻ കഴിഞ്ഞില്ല എന്നായിരുന്നു വിദ്യാർത്ഥികളുടെ പ്രതികരണം.

ഒരിക്കലും വറ്റിപ്പോകാത്ത ആത്മീയ മർമ്മങ്ങളുടെ സംഭരണിയാണ് വിശുദ്ധ ബൈബിൾ അവ സ്വന്തമാക്കുവാൻ ഒരു വചനപ്രഘോഷകന് കഠിനാദ്ധ്വാനം ചെയ്യുവാനുള്ള മനസ്സും സമർപ്പണബോധവും ദൈവകൃപയും അനിവാര്യമാണ്. വചനഘോഷണത്തെ ശുശ്രൂഷയായി കാണാതെ കേവലമൊരു ‘പ്രോഗ്രാ’മായി കാണുകയും, തിരക്കുകളോ അലസതയോ കാരണം പ്രാർത്ഥനാപൂർവ്വം ദൂതൊരുക്കുവാൻ സമയം കണ്ടെത്തുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്ന പ്രസംഗകന്റെ സന്ദേശം ചീറ്റിപ്പോയ നനഞ്ഞ പടക്കം പോലെയായിരിക്കും ശ്രോതാക്കൾക്ക് അനുഭവപ്പെടുന്നത്. ക്ഷണം ലഭിക്കുന്ന എല്ലാ ശുശ്രൂഷ സമ്മേളനങ്ങളിലും വചനം ശുശ്രൂഷിക്കണമെന്ന് ഒരു നിർബ്ബന്ധവുമില്ല. തിരക്കുകളൊ മറ്റേതെങ്കിലും കാരണങ്ങളാലോ പൂർണ്ണഹൃദയത്തോടെ വചനശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിയുകയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ, ക്ഷമാപണത്തോടെ വചനശുശ്രൂഷക്കായുള്ള ക്ഷണം നിരസിക്കുന്നതാണ് മാന്യത. ആഴ്ചകളോ മാസങ്ങളോ നീണ്ടുനില്ക്കുന്ന കഠിനയത്നങ്ങളിലൂടെ ക്രമീകരിക്കുന്ന സുവിശേഷ സമ്മേളനങ്ങളുടെ സംഘാടകരോടും ശ്രോതാക്കളോടും വചനപ്രഘോഷകർ ചെയ്യുന്ന വലിയ ഔദാര്യമായിരിക്കുമത്.

വേദിയിൽ വചനം പ്രകാശിക്കാത്തതിന്റെ കാരണം ദൂതൊരുക്കുന്നതിന്റെ പിമ്പിലുള്ള കഠിനാദ്ധ്വാനത്തിന്റെ അനുഭാവമാണെന്ന് തിരിച്ചറിയുന്നതിന് പകരം അതിന്റെ പഴിമുഴുവനും പരിശുദ്ധാത്മാവിന്റെ മേലും ശ്രോതാക്കളുടെമേലും കെട്ടിവെച്ച് മിടുമിടുക്കന്മാരാകാൻ ശ്രമിക്കുന്ന ദൂതുവാഹികൾ അധികകാലം വേദിയിൽ പിടിച്ചുനില്ക്കാറില്ല എന്ന വസ്തുതക്ക് ചരിത്രം മൂകസാക്ഷി.

സത്യസന്ധതയോടെ അതിശയോക്തി ലവലേശമില്ലാതെ പ്രസംഗകൻ ആഴമേറിയ ജീവിതാനുഭവങ്ങൾ സദസ്സുമായി പങ്കുവെയ്ക്കുന്നത് വചനശുശ്രൂഷയുടെ മാറ്റ് അനേകമടങ്ങു വർദ്ധിപ്പിക്കും. അനുഭവങ്ങൾ പങ്കുവെയ്ക്കുമ്പോൾ ഉയർത്തപ്പെടുന്നത് ദൈവം മാത്രമാണെന്ന് ഉറപ്പാക്കുവാൻ പ്രസംഗകൻ പ്രത്യേകം ശ്രദ്ധിക്കണം.

ക്ഷമാപണത്തോടെ സ്വന്തയനുഭവങ്ങൾ പങ്കുവെയ്ക്കുന്നവരെക്കുറിച്ച് ‘ഹൗ റ്റു പ്രീച്ച് വിതൗട്ട് നോട്ട്സ്’ എന്റെയൊരു അനുഭവം പങ്കിടുന്നതിൽ ക്ഷമിക്കണമെന്ന ആമുഖത്തോടെ സ്വന്തയനുഭവങ്ങൾ സദസ്സിൽ അവസതരിപ്പിക്കുന്ന പ്രസംഗകരുണ്ട്. ഒരു തരത്തിലും ആവശ്യമില്ലാത്തതാണ് അത്തരമൊരു ക്ഷമാപണം. ഒരു ആശയം വ്യക്തമാക്കുവാൻ പ്രസംഗകൻ താഴ്മയോടും ആത്മാർത്ഥതയോടും കൂടെ തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിന് മുമ്പ് സദസ്സിനോട് ക്ഷമാപണം ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ പരാമർശിക്കപ്പെടുന്ന ജീവിതാനുഭവത്തിന്റെ പിമ്പിൽ സ്വയം ഉയർത്തുകയെന്ന ലക്ഷ്യമാണെങ്കിൽ സദസ്സൊരിക്കലും പ്രസംഗകനോട് ക്ഷമിക്കുകയില്ല”.

സ്വയം പുകഴ്ത്തുകയാണെന്ന് കരുതരുതെന്ന മുൻകൂർ ജാമ്യത്തോടെ വിദ്യാഭ്യാസ യോഗ്യതകളും കുടുംബ പാരമ്പര്യവും മറ്റുള്ളവർക്ക് വിഭാവന ചെയ്യുവാൻ കഴിയാത്ത നിലയിലുള്ള സ്വന്ത നേട്ടങ്ങളും സദസ്സിൽ അവതരിപ്പിച്ച് സ്വയം നിർവൃതികൊള്ളുന്ന വചനപ്രഘോഷകർ അവരുടെ ആത്മീയശുശ്രൂഷകൾക്ക് ശവക്കുഴി തോണ്ടുകയാണ്.

വചനശുശ്രൂഷക്ക് പ്രാമുഖ്യം കൊടുക്കുന്ന സമ്മേളനങ്ങളുടെ സംഘാടകർ വചനശുശ്രൂഷ നിർവ്വഹിക്കുന്ന കർത്തൃദാസന്മാരെ തെരഞ്ഞെടുക്കുന്നത് വളരെ പ്രാർത്ഥനയോടുകൂടെ വേണം. ശ്രോതാക്കളെ ഇളക്കുമറിക്കുവാനുള്ള പൊടിക്കൈ പ്രയോഗങ്ങൾക്ക് സമർത്ഥരായ പ്രസംഗകർക്കു പകരം ജനത്തെ അനുതാപത്തിലേക്കും കണ്ണുനീരിലേക്കും നയിക്കുന്ന ദൈവഭൃത്യന്മാരെ വചനശുശ്രൂഷ ഭരമേല്പിക്കണം. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ വെള്ളം ചേർത്ത് തിരുവചനസത്യങ്ങളുടെ ശക്തിയും വീര്യംകുറക്കുന്നവരേയും വചനസത്യങ്ങളുടെ ചങ്കിൽ കത്തിയിറക്കുന്ന ദുരുപദേശകരായ പ്രസംഗകരെയും വേദിയുടെ നാലയാലത്ത് അടുപ്പിക്കരുത്.

ദൈവജനത്തെ വഴിതെറ്റിക്കുന്ന അത്തരം പ്രസംഗകർക്ക് വേരുറപ്പിക്കുവാൻ നാം അവസരമൊരുക്കരുത്. അവർക്കാവശ്യമുള്ള വേദികൾ പിശാചൊരുക്കിക്കൊള്ളും.

ഓഴ്ചക്കുറിപ്പുകൾ

## ‘അവഗണിക്കാനാകാത്ത മുന്നറിയിപ്പുകൾ’



സാം .ടി .മൈക്കിൾ
ഇളമ്പൽ

സംസ്ഥാനത്തു കഴിഞ്ഞ ദിനങ്ങളിൽ വീശിയടിച്ച ‘ഓഖി’ ചുഴലിക്കാറ്റും, അതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളും ഇനിയും കെട്ടടങ്ങിയിട്ടില്ല. അതി ശക്ത വിഭാഗത്തിൽപ്പെടുന്ന ഈ കാറ്റും കടൽക്ഷോഭവും വരുത്തിവെച്ച വിനാശവും, ആളപായവും ലഘുവായുള്ളതല്ല. ഇനിയും കടലിൽ പോയവരെ കണ്ടെത്താനുണ്ടെന്നാണ് കരുതുന്നത്. ഈ കുറിപ്പെഴുതുമ്പോൾ നൂറ്റിനാല്പത്തി മൂന്നിലധികം ആളുകളെ ഇനിയും കണ്ടെത്താനായിട്ടില്ലെന്നാണ് ഔദ്യോഗിക ഭാഷ്യം. കേരളത്തിലും, തമിഴ് നാട്ടിലും, ലക്ഷദ്വീപിലുമൊക്കെ കനത്ത നാശനഷ്ടങ്ങളാണ് ഈ ദുരന്തത്തെ തുടർന്നുണ്ടായത്. ഇത്തരം ദുരന്ത സമയങ്ങളിൽ, ഫലപ്രദമായും ചിട്ടയായും പ്രവർത്തിക്കാൻ ദുരന്തനിവാരണ സേനയും മറ്റുമുള്ളപ്പോഴും, വേണ്ടത്ര ഗുണപരമായി ഇത്തരം സംവിധാനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും ആരോപണമുണ്ട്.

എന്നാൽ ചുഴലിക്കാറ്റിനെക്കാളും വലിയ വിവാദക്കൊടുങ്കാറ്റുകൾക്കും ഈ ദിനങ്ങളിൽ പൊതു സമൂഹം സാക്ഷ്യം വഹിച്ചു. തക്ക സമയത്തു മുന്നറിയിപ്പ് നൽകുന്നതിൽ അധികൃതർ പരാജയപ്പെട്ടെന്നാണ് ഒരു വാദം. എന്നാൽ വൈകിയാണ് തങ്ങൾക്കു ഇത്തരം നിർദേശം ലഭിച്ചതെന്നും , ഉടൻ തന്നെ സത്വര ദുരിതാശ്വാസ നടപടികളുമായി മുന്നോട്ടു പോയെന്നും അധികൃതർ വിശദീകരിക്കുന്നു. എന്തായാലും എല്ലാവരും ഒരു വസ്തുത ഒരേ മനസോടെ അംഗീകരിക്കുന്നുണ്ട്. തക്ക സമയത്തു മുന്നറിയിപ്പുകൾ ലഭിച്ചാൽ അനേകർക്ക് തങ്ങളുടെ ജീവനും ആരോഗ്യവും നിലനിർത്താനാവുമെന്നാണ് ഈ വസ്തുത.

വിശുദ്ധ വേദപുസ്തകത്തിലെ ഇത്തരം സമാനമായ ഒരു സംഭവം ഓർക്കുകയാണ് .ആസന്നമായ പ്രളയ ദുരന്തത്തെക്കുറിച്ചു മുന്നറിയിപ്പുമായി നോഹയെന്ന നീതി പ്രസംഗി നടന്നത് ആർക്കാണ് മറക്കാൻ കഴിയുന്നത്?. അതുവരെ ഭൂമിയിൽ ഉണ്ടാകാത്ത വിധത്തിലെ ഒരു വൻ പ്രളയ ദുരന്തത്തെക്കുറിച്ചു ദൈവം ആ വ്യക്തിക്ക് നൽകിയ അരുളപ്പാടു, ജനത്തെ അറിയിക്കുകയായിരുന്നു. തിന്മയും പാപവും കൊടുമ്പിരിക്കൊണ്ടിരുന്ന അക്കാലത്തെ ജനങ്ങളിൽ ആര് കേൾക്കാൻ.വെള്ളം കുടിച്ചു മരിച്ചാലും ശരി പെട്ടകത്തിൽ കയറില്ല എന്ന മുൻവിധി ചിലർക്കുണ്ടായിരുന്നു എന്ന് തോന്നിപ്പോകും .അല്ലെങ്കിൽ ഒരു മനുഷ്യന്റെ അബദ്ധ ജല്പനങ്ങളായി കരുതിക്കാണും മറ്റു ചിലർ. എന്തായാലും ശരി അവസാനം മുന്നറിയിപ്പുകളൊക്കെ തൃണവല്ഗണിച്ച ബഹു സഹസ്രം പേർ ജലപ്രളയത്തിൽ അകപ്പെട്ടു മരിച്ചപ്പോൾ, മുന്നറിയിപ്പുകളെ മുഖവിലക്കെടുക്കുകയും പെട്ടകത്തിൽ അഭയം പ്രാപിക്കുകയും ചെയ്ത അൽപ ജനമായ എട്ടുപേർ രക്ഷപെടുകയും ചെയ്തത് ചരിത്രം.

യേശുകർത്താവിന്റെ വീണ്ടും വരവിനും, യുഗാവസാനത്തിനും വാതിൽക്കലെത്തി നിൽക്കുന്ന ഈ സമയത്തും ഒരു വലിയ മുന്നറിയിപ്പ് ഉയർന്നു കേൾക്കുകയാണ്. സത്യസുവിശേഷത്തിന്റെ വലിയ മുന്നറിയിപ്പാണത്. നോഹയുടെ കാലം പോലെ, മനുഷ്യപുത്രന്റെ നാളിലും ആകും എന്ന് യേശുകർത്താവ് അന്ത്യകാലത്തെക്കുറിച്ചു പറഞ്ഞ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. മ്ലേച്ഛതയും ,അധർമവും കൊടികുത്തി വാഴുന്ന അന്ത്യ കാലമാണിത്. സുവിശേഷത്തിന്റെ മുന്നറിയിപ്പുകൾ അവഗണിച്ചു അനേകർ ലോകത്തിന്റെ മോഹ വലയങ്ങളിൽപെട്ട് വഞ്ചിതരാകുകയും തങ്ങളുടെ നിത്യത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. സുവിശേഷം അറിയിക്കാൻ നമ്മാൽ ആകുന്നതിലും അധികം ചെയ്യണം. തീച്ചൂളയിൽ നിന്നും അനേകരെ രക്ഷപ്പെടുത്തി ദൈവസഭയാകുന്ന പെട്ടകത്തിൽ എത്തിക്കാനുള്ള ബാധ്യത നാം മറക്കരുത്.

**ഇൻഡ്യാ പൂർണ സുവിശേഷ ദൈവസഭയുടെ സീനിയർ ശുശ്രൂഷകരിൽ ഒരാളായിരുന്നു കർത്താവിൽ പ്രസിദ്ധനായിരുന്ന പാസ്റ്റർ എ. റ്റി. തോമസ്. പിതാവിങ്കൽ നിന്ന് ലഭിച്ച ആത്മീയ ശിക്ഷണവും അച്ചടക്കവും ശുശ്രൂഷയിൽ മുതൽക്കൂട്ടാണെന്ന് കരുതുന്ന ഇദ്ദേഹം അക്കാലത്തെ ആത്മീയാനുഭവങ്ങളെയും മറക്കുന്നില്ല. പ്രതികൂലങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ ശുശ്രൂഷാ കാലയളവിൽ തികഞ്ഞ വിശ്വാസത്തോടെയും ക്രൈസ്തവമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചും പിതാവ് കാട്ടിത്തന്ന മാതൃകയും പ്രാർത്ഥനയും ജീവിതത്തിൽ അനുഗ്രഹമായി മാറി എന്നതാണ് തന്റെ സാക്ഷ്യം. വളരെ ചെറിയ പ്രായത്തിൽ തന്നെ ശുശ്രൂഷകളിൽ വിവിധ നിലകളിൽ പങ്കാളിത്വം വഹിക്കുവാൻ തനിക്കു കഴിഞ്ഞു. വൈ.പി.ഇ. സ്റ്റേറ്റ് ബോർഡ് മെമ്പർ, ഡിസ്ട്രിക്ട് കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് മറക്കാനാവാത്ത അനുഭവമാണ്. അക്കാലത്തെ ആത്മീയ നേതൃത്വം വളർച്ചക്ക് കൈത്താങ്ങായിരുന്നു. കൊന്നപ്പാറ, അതിരുങ്കൽ, പിറവം, വാര്യാപുരം, മേപ്രാൽ, കോട്ടയം, പുതുപ്പള്ളി, കുമ്പനാട് തുടങ്ങിയ സഭകളുടെ ശുശ്രൂഷ നിർവ്വഹിച്ച പിതാവിനോടൊപ്പം മിക്ക സഭകളിലും വിവിധ നിലകളിൽ ക്രിസ്തുവിന്റെ സാക്ഷ്യം വഹിപ്പാൻ ഇടയായത് ഇന്നും ദീപ്തസ്മരണയായി ജ്വലിച്ചു നിൽക്കുന്നു.**

# ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ച് റവ. ജോൺ തോമസ്



**കു**റിയന്നൂർ ഓറേത്ത് എണ്ണിക്കാട്ട് ബെഥേൽ കുടുംബാംഗമായിരുന്ന പാസ്റ്റർ എ. റ്റി. തോമസിന്റെ അഞ്ചു മക്കളിൽ നാലാമനായി ജനിച്ച ജോൺ തോമസ് എന്ന ദൈവഭൃത്യന് പരിചയപ്പെടുത്തലിന്റെ ആവശ്യം ഇല്ല. കേരളക്കരയിൽ കൺവൻഷൻ സ്റ്റേജുകളിലെ നിറസാന്നിധ്യമാണ് ഇദ്ദേഹം. ലളിതമായ ഭാഷയിലൂടെ ആത്മനിറവിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന ഇദ്ദേഹം പെന്തെക്കോസ്തുസഭകളുടെ ആദ്യകാല അനുഭവങ്ങളെയും ഉപദേശത്തെയും എന്നും ഉയർത്തിക്കാട്ടുന്നതിനും ശ്രദ്ധാലുവാണ്. വേർപാട്, പരിശുദ്ധാത്മാഭിഷേകം, രോഗശാന്തി എന്നിവ പെന്തെക്കോസ്തിന് ഊർജ്ജം പകരുന്ന അനുഭവങ്ങളാണെന്ന് അടിയുറച്ചു വിശ്വസിക്കുകയും ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

പതിനാറാം വയസ്സിൽ കോട്ടയത്തിനു സമീപം പാക്കിൽ എന്ന സ്ഥലത്ത് ആരംഭിച്ച കൺവൻഷൻ പ്രസംഗം ആയിരക്കണെനക്കിന് വേദികൾ പിന്നീട്ട് ഇന്നും തുടരുന്നു. ബി.എസ്.സി. പഠനകാലത്താണ് വാളക്കുഴി സഭയുടെ ശുശ്രൂഷകനായി ചുമതല നിർവ്വഹിച്ചത്. പിന്നീട് ഉപരിപഠനാർത്ഥം സഭാചുമതല വിടുകയായിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്നും എം.എസ്.സി. നേടിയത് കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് പതിനൊന്നാം റാങ്കോടെയാണ്. 1985-ൽ അമേരിക്കയിലെത്തിയ താൻ എഞ്ചിനിയറിംഗ് മാസ്റ്റേഴ്സ് ബിരുദം നേടി. തുടർന്ന് ഹ്യൂസ്റ്റൺ ഇൻസ്ട്രമെന്റ്സിൽ 20 വർഷങ്ങൾ ജോലി ചെയ്തു. സീനിയർ ഡിസൈൻ എഞ്ചിനിയറായി ജോലിയിൽ നിന്നും വിരമിച്ചു.

1996-ൽ ഹ്യൂസ്റ്റൺ പട്ടണത്തിലെ സ്റ്റാഫോർഡിൽ താൻ ആരംഭിച്ച സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ് രണ്ട് പതിറ്റാണ്ടിനിപ്പുറം എത്തിനിൽക്കുന്നത് വളർച്ചയുടെ പടവുകളിലാണ്. നോർത്തമേരിക്കയിലെ പെന്തെക്കോസ്ത് പൊതു സംരംഭങ്ങളിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുള്ള പാസ്റ്റർ ജോൺ തോമസ് മികച്ച സംഘാടകൻ കൂടിയാണ്. അമേരിക്കയിലെ പെന്തെക്കോസ്ത് സമൂഹത്തിന് പൊതുസ്വീകാര്യനായ ഇദ്ദേഹം പന്ത്രണ്ടാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ കൺവീനറായിരുന്നു. ഒപ്പം പെന്തെക്കോസ്ത് കോൺഫറൻസിന്റെ പ്രതിനിധിയായും പല തവണകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സുവിശേഷ പ്രസംഗകൻ എന്ന നിലയിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ പതിവ് സാന്നിധ്യം കൂടെയാണ് പാസ്റ്റർ ജോൺ തോമസ്.

ഇൻഡ്യാ പൂർണ സുവിശേഷ ദൈവസഭയുടെ സീനിയർ ശുശ്രൂഷകരിൽ ഒരാളായിരുന്നു കർത്താവിൽ പ്രസിദ്ധനായിരുന്ന പാസ്റ്റർ എ. റ്റി. തോമസ്. പിതാവിങ്കൽ നിന്ന് ലഭിച്ച ആത്മീയ ശിക്ഷണവും അച്ചടക്കവും ശുശ്രൂഷയിൽ മുതൽക്കൂട്ടാണെന്ന് കരുതുന്ന ഇദ്ദേഹം അക്കാലത്തെ ആത്മീയാനുഭവങ്ങളെയും മറക്കുന്നില്ല. പ്രതികൂലങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ ശുശ്രൂഷാ കാലയളവിൽ തികഞ്ഞ വിശ്വാസത്തോടെയും ക്രൈസ്തവമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചും പിതാവ് കാട്ടിത്തന്ന മാതൃകയും പ്രാർത്ഥനയും ജീവിതത്തിൽ അനുഗ്രഹമായി മാറി എന്നതാണ് തന്റെ സാക്ഷ്യം. വളരെ ചെറിയ പ്രായത്തിൽ തന്നെ ശുശ്രൂഷകളിൽ വിവിധ നിലകളിൽ പങ്കാളിത്വം വഹിക്കുവാൻ തനിക്കു കഴിഞ്ഞു. വൈ.പി.ഇ. സ്റ്റേറ്റ് ബോർഡ് മെമ്പർ, ഡിസ്ട്രിക്ട് കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് മറക്കാനാവാത്ത അനുഭവമാണ്. അക്കാലത്തെ ആത്മീയ നേതൃത്വം വളർച്ചക്ക് കൈത്താങ്ങായിരുന്നു. കൊന്നപ്പാറ, അതിരുങ്കൽ, പിറവം, വാര്യാപുരം, മേപ്രാൽ, കോട്ടയം, പുതുപ്പള്ളി, കുമ്പനാട് തുടങ്ങിയ സഭകളുടെ ശുശ്രൂഷ നിർവ്വഹിച്ച പിതാവിനോടൊപ്പം മിക്ക സഭകളിലും വിവിധ നിലകളിൽ ക്രിസ്തുവിന്റെ സാക്ഷ്യം വഹിപ്പാൻ ഇടയായത് ഇന്നും ദീപ്തസ്മരണയായി ജ്വലിച്ചു നിൽക്കുന്നു.

ആത്മാക്കളെ നേടുക എന്ന ലക്ഷ്യമായിരിക്കണം സഭയ്ക്ക് വേണ്ടത്. സുവിശേഷീകരണം സഭയുടെ പ്രധാന ദൗത്യം ആകുകയും വേണം. അതിനായി ഉപവാസ പ്രാർത്ഥനയും ട്രാക്ട് വിതരണവും ബൈബിൾ ക്ലാസും ക്രമാനുഗതമായി സഭയിൽ നടക്കണം എന്നതാണ് തന്റെ പക്ഷം.

2001-ൽ സ്ഥലം വാങ്ങി 2005-ൽ സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിന്റെ ആലയപണി പൂർത്തിയാക്കി. ആഭരണധാരണത്തിനെതിരെ ശക്തമായ നിലപാടാണ് ഈ സഭ ഇന്നും പിന്തുടരുന്നത്.

പേരിശേരി മത്തായിച്ചന്റെ മകൻ കെ. എം. ജോർജ്ജിന്റെ മകൾ മേഴ്സി തോമസാണ് സഹധർമ്മിണി. ദെബോറാ, ജോ ആൻ, സേറാ, ഷാനൻ എന്നിവർ മക്കൾ. കൺവൻഷൻ പ്രസംഗകൻ, അധ്യാപകൻ, സംഘാടകൻ, സഭാശുശ്രൂഷകൻ, സുവിശേഷകൻ എന്നീ നിലകളിൽ ക്രിസ്തുവിനായി പ്രയോജനപ്പെടുന്ന ഈ ദൈവഭൃത്യൻ ദൈവസഭയുടെ വേൾഡ് മിഷൻ പ്രൊജക്ടായ യു.പി.ജിയുടെ ഭാഗമായി ഇൻഡ്യയിലെ പ്രവർത്തനങ്ങളിൽ സജീവമാകുകയാണ്.

**1996-ൽ ഹ്യൂസ്റ്റൺ പട്ടണത്തിലെ സ്റ്റാഫോർഡിൽ താൻ ആരംഭിച്ച സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ് രണ്ട് പതിറ്റാണ്ടിനിപ്പുറം എത്തിനിൽക്കുന്നത് വളർച്ചയുടെ പടവുകളിലാണ്. നോർത്തമേരിക്കയിലെ പെന്തെക്കോസ്ത് പൊതു സംരംഭങ്ങളിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുള്ള പാസ്റ്റർ ജോൺ തോമസ് മികച്ച സംഘാടകൻ കൂടിയാണ്. അമേരിക്കയിലെ പെന്തെക്കോസ്ത് സമൂഹത്തിന് പൊതുസ്വീകാര്യനായ ഇദ്ദേഹം പന്ത്രണ്ടാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ കൺവീനറായിരുന്നു. ഒപ്പം പെന്തെക്കോസ്ത് കോൺഫറൻസിന്റെ പ്രതിനിധിയായും പല തവണകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സുവിശേഷ പ്രസംഗകൻ എന്ന നിലയിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ പതിവ് സാന്നിധ്യം കൂടെയാണ് പാസ്റ്റർ ജോൺ തോമസ്.**

ലേഖനം

# ജനാധിപത്യം തകരുമ്പോൾ



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305

ഭാരത ചരിത്രത്തിൽ ഇതുവരെ ദർശിക്കാത്ത നിലയിലുള്ള സംഭവങ്ങളാണ് ഈ കഴിഞ്ഞ ദിവസം സുപ്രീം കോടതി മുമ്പാകെ അരങ്ങേറിയത്. ജനാധിപത്യത്തിന്റെ തൂണ് എന്ന് വിശേഷിപ്പിക്കുന്ന ജുഡിഷ്യറിയിൽ അഴിമതി ആരോപിച്ച്, ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിൽ തന്നെ അസാധാരണ സംഭവങ്ങൾക്ക് വഴിവച്ച് നടന്ന ന്യായാധിപന്മാരുടെ വാർത്ത സമ്മേളനം ചർച്ചയായി. കൊളീജിയത്തിനെതിരായ പ്രതിഷേധമായി നാല് സുപ്രീം കോടതി ജഡ്ജിമാർ കോടതിയിൽനിന്നിറങ്ങി വാർത്താ സമ്മേളനം വിളിച്ചു അതുകൊണ്ട് തന്നെ അത് ഏവരേയും അമ്പരപ്പിക്കുന്നതും അസാധാരണവുമായ സംഭവങ്ങളായാണ് വിശേഷിപ്പിക്കപ്പെടുന്നുത്.വാർത്താ സമ്മേളനം നടത്തിയ ന്യായാധിപന്മാർ പറഞ്ഞത് ഇപ്രകാരമാണ് പലപ്പോഴും സുപ്രീം കോടതി സംവിധാനങ്ങൾ ശരിയായ രീതിയിലല്ല നടക്കുന്നത്. സംഭവിക്കാൻ പാടില്ലാത്തതാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. മുതിർന്ന അംഗങ്ങൾ എന്ന നിലയിൽ കോടതിയോടും രാജ്യത്തോടും ചില കാര്യങ്ങൾ വെളിപ്പെടുത്തേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. പക്ഷപാതിത്വമില്ലാത്ത കോടതിയാണ് ജനാധിപത്യ സംവിധാനത്തിന്റെ അടിത്തറ. എന്നാൽ ക്രമരഹിതമായ പ്രവർത്തനങ്ങളാണ് ചീഫ് ജസ്റ്റിസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്നും അവർ പറഞ്ഞു. ജനാധിപത്യത്തിന് വിപുലമായ അർത്ഥതലങ്ങളാണുള്ളത്. അധികാരം ജനങ്ങൾക്കു വേണ്ടിയാണെന്ന ആപ്തവാക്യം വാക്കുകളിലിട്ട് അലക്കുന്ന ഇന്നത്തെ കാലത്ത് സാങ്കേതികത്വത്തിന്റെ നൂലാമാലകൾ പൊട്ടിച്ചെറിഞ്ഞ് ചുവപ്പ് നാടയുടെ കെട്ടുകൾ വലിച്ചെറിഞ്ഞ് സുതാര്യമായ ഒരു ഭരണ സംവിധാനം കാഴ്ച വെക്കുമെന്ന് പറയാതെ പറഞ്ഞ നിമിഷങ്ങളായിരുന്നു ഇന്നലെ കടന്നുപോയത്. ഇന്ത്യൻ ജുഡീഷ്യറിയുടെ നീതിബോധവും ജനങ്ങളോടും ജനാധിപത്യത്തോടും ഭരണഘടനയോടുമുള്ള പ്രതിബദ്ധതയും എന്നും ഏറെ പ്രശംസിക്കപ്പെട്ടിരുന്നു. ആ ഔന്നത്യത്തിനും വിശാസ്യതയ്ക്കും അനുഗുണമായ നടപടികളാണ് കോടതികളുടെ ഭാഗത്തുനിന്നും എക്കാലവും ഉണ്ടായിട്ടുള്ളത്. അപൂർവം അവസരങ്ങളിൽ മാത്രമാണ് ഇതിനപവാദമായ സംഭവങ്ങൾ അരങ്ങേറിയിട്ടുള്ളത്.എന്നാൽ ജനാധിപത്യം അപകടപ്പെടുന്നതിന്റെ അതീവ ഗുരുതരമായ അവസ്ഥ ലോകത്തോട് വിളിച്ചുപറയുന്നത് സുപ്രീംകോടതിയിലെ നാല് ജഡ്ജിമാരാണ്. തെറ്റായ നടപടികളും തീരുമാനങ്ങളും നീതിനിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നു എന്ന് സുപ്രീം കോടതിയിലെ തന്നെ ന്യായാധിപന്മാർ പറയുമ്പോൾ അത് വിശ്വസിക്കുക അല്ലാതെ മറ്റ് വഴികളില്ല. നിഷ്പക്ഷതയ്ക്കും നീതിബോധത്തിനും പേരുകേട്ട ഇന്ത്യൻ നീതിന്യായ വ്യവസ്ഥ അതിന്റെ മഹത്വം പലതവണ ഉയർത്തിക്കാട്ടിയിട്ടുമുണ്ട്. പ്രതിസന്ധികളെയും സമ്മർദങ്ങളെയുമൊക്കെ അതിജീവിച്ചാണ് ഇന്ത്യൻ ജുഡീഷ്യറി ഈ സത്പേര് സമ്പാദിച്ചത്. അതിനു കളങ്കം സൃഷ്ടിക്കുന്നവരെ വേരോടെ പിഴുതുമാറ്റിയെങ്കിൽ മാത്രമേ നമ്മുടെ നീതിന്യായവ്യവസ്ഥയുടെ അന്തസും അഭിമാനവും സംരക്ഷിക്കാനാവൂ.ലോകത്തിലാകമാനമുള്ള സുപ്രീം കോടതികളുടെ ന്യായതീർപ്പുകൾ അന്തിമമാണെന്ന് വരുമ്പോൾ, അതിന്റെ വിശ്വാസിയതയെ ചോദ്യം ചെയ്യപ്പെടുമ്പോൾ അത് ഒരു രാജ്യത്തിന്റെ ഭരണ വ്യവസ്ഥയെയാണ് ബാധിക്കുന്നത്. വേലി തന്നെ വിളവ് തിന്നതുപോലെ ന്യായിധപന്മാർക്ക് നീതി നിഷേധിക്കപ്പെട്ടാൽ പിന്നെ സാധാരണക്കാരായ ജനത്തിന്റെ അവസ്ഥ എന്തായിരിക്കും എന്ന് ആലോചിക്കുവാൻ പോലും കഴിയുന്നില്ല. സുപ്രീം കോടതികളിൽ എത്തപ്പെടുന്നത് സുപ്രധാനമായ രാജ്യമാകെ ഉറ്റു നോക്കുന്ന കേസുകളാണ് അതുകൊണ്ടു തന്നെ അതിന്റെ സുപ്രധാനമായ രാഷ്ട്രീയമാനങ്ങളുമുണ്ടാകും. അങ്ങനെ ഏവരും ജാഗ്രതയോടെ നോക്കുന്നു ജുഡിഷ്യറിയിൽ സംഭവിക്കുന്ന അരുതായ്കൾ ഫലത്തിൽ ജനത്തിന് നല്കുന്നത് നിരാശയാണ് എന്നതാണ് സത്യം.ഒരു രാജ്യത്തിന്റെ നിയമം വ്യാഖ്യാനിക്കുന്നതിനും തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിനും കുറ്റവാളികളെ വിചാരണ ചെയ്യുന്നതിനും ഉള്ള സംവിധാനമാണ് നീതിന്യായ വ്യവസ്ഥ.ജുഡീഷ്യറി സാധാരണ ഗതിയിൽ നിയമങ്ങൾ നിർമ്മിക്കാറില്ല നിയമത്തെ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്.അതുകൊണ്ട് കോടതികൾ നിയമത്തിന്റെ തലനാരിഴകൾ പരിശോധിക്കുന്നതോടൊപ്പംതന്നെ ന്യായത്തിന്റെയും നീതിയുടെയും മൂല്യത്തിന്റെയുമൊക്കെ സംരക്ഷകൻ കൂടിയാണ്.ജനാധിപത്യത്തിനും ഭരണഘടനയ്ക്കും മുന്തിയ പ്രാധാന്യം കൊടുക്കുന്ന, പൗരന്റെ മൗലികാവകാശങ്ങൾക്കും തുല്യതയ്ക്കും മറ്റെന്തിനേയുംകാൾ പ്രാമുഖ്യം കല്പിക്കുന്ന വ്യവസ്ഥിതിയിൽ ജുഡീഷ്യറിക്കും എക്സിക്യൂട്ടീവിനും നിയമനിർമാണസഭയ്ക്കുമൊക്കെ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. ജനാധിപത്യവും നീതിന്യായവ്യവസ്ഥക്കും നേരിടുന്ന തകർച്ച വിശുദ്ധവേദപുസ്തകം മുൻകൂട്ടി പ്രവചിച്ചതാണ്. നീതിരഹിതമായ സമൂഹം ഉടലെടുക്കുമ്പോൾ നീതി പൂർണമായ ഒരു ഭരണത്തിന് വേണ്ടി ജനങ്ങൾ ആഗ്രഹിക്കും അങ്ങനെ വിക്രമനായ രാജാവ് ലോകത്തിൽ എഴുന്നേല്ക്കും, ഏവർക്കും നീതി നല്കും എന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യും. ജനങ്ങൾ രണ്ടു കൈയ്യും നീട്ടി ആ ഭരണാധികാരിയെ സ്വീകരിക്കുമ്പോൾ എതിർക്രിസ്തുവിന്റെ ഭരണം ഇവിടെ ആരംഭിക്കും. അതിനുള്ള ഒരുക്കങ്ങളാണ് ഇപ്പോൾ നടക്കുന്നത് എന്ന തിരിച്ചറിയുക.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ തെരെഞ്ഞെടുത്തു


റവ. ഡോ. ഷിബു കെ മാത്യു


പാസ്റ്റർ വിനോദ് ജേക്കബ്


പാസ്റ്റർ വൈ. റെജി


പാസ്റ്റർ ജെ. ജോസഫ്


പാസ്റ്റർ തോമസ് എം. പുളിവേലിൽ


പാസ്റ്റർ ജോസ് ബേബി


പാസ്റ്റർ പി. എ ജെറാൾഡ്


പാസ്റ്റർ റ്റി. എ ജോർജ്


പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു


പാസ്റ്റർ ഷിജു മത്തായി


പാസ്റ്റർ ജോൺസൻ ദാനിയേൽ


പാസ്റ്റർ കെ. ജി ജോൺ


പാസ്റ്റർ വൈ മോനി


പാസ്റ്റർ വി. പി തോമസ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് 2018- 2020 വർഷത്തെക്കുള്ള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ തെരെഞ്ഞെടുത്തു. 2018 ജനുവരി 9-ാം തീയതി രാവിലെ 8 മണി മുതൽ സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിലാണ് തെരെഞ്ഞെടുപ്പ് നടന്നത്. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി തോമസ് ചീഫ് ഇലക്ഷൻ കമ്മീഷണർ ആയിരുന്നു. ആർക്കും ഒരു കുറ്റവും പറയുവാൻ സാധിക്കാത്ത രീതിയിൽ തികഞ്ഞ ആത്മീക നിലവാരത്തിൽ, അച്ചടക്കത്തോടെയും സമാധാന പൂർണമായ നിലയിൽ വോട്ടെണ്ണി കഴിഞ്ഞ് ആരാധനയോടും പ്രാർത്ഥനോടെയുമാണ് സമാപിച്ചത്. ഈ വർഷത്തെ കൗൺസിൽ ഇലക്ഷനിൽ 33 ശുശ്രൂഷകന്മാരാണ് മത്സരത്തിനുണ്ടായിരുന്നത് ഇവരിൽ നിന്നും ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച 15 പേരെയാണ് കൗൺസിൽ അംഗങ്ങളായി തെരെഞ്ഞെടുത്തത്. 860 ശുശ്രൂഷകന്മാർ തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിച്ചപ്പോൾ 9 വോട്ടുകൾ അസാധുവായി മാറി. മൗണ്ട് സയോൺ ബൈബിൾ സെമിനാരി പ്രിൻസിപ്പാളും, തുരുവല്ല സിറ്റി ചർച്ച് പാസ്റ്ററും, യുഗാന്ത്യ സന്ദേശം വാർത്താ പത്രിക ചീഫ് എഡിറ്ററുമായ റവ. ഡോ. ഷിബു കെ മാത്യു 571 വോട്ടുകൾ നേടി ഒന്നാം സ്ഥാനത്ത് എത്തി. നിയുക്ത കൗൺസിൽ അംഗങ്ങൾ പാസ്റ്റർമാരായ ഷിബു കെ മാത്യു, വിനോദ് ജേക്കബ്, വൈ. റെജി, എ. റ്റി ജോസഫ്, ജെ. ജോസഫ്, തോമസ് എം. പുളിവേലിൽ, ജോസ് ബേബി, പി. എ ജെറാൾഡ്, റ്റി. എ ജോർജ്, ക്രിസ്റ്റഫർ റ്റി. രാജു, ഷിജു മത്തായി, ജോൺസൻ ദാനിയേൽ, കെ. ജി ജോൺ, വൈ മോനി, വി. പി തോമസ് എന്നിവരാണ്. നിലവിലെ കൗൺസിലിന്റെ കാലവധി അവസാനിക്കുന്ന ജനുവരി 28-ാം തീയതി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ സമാപന സഭായോഗത്തിൽ ഓവർസിയർ റവ. സി.സി തോമസ് ഔദ്യോഗിക ഫല പ്രഖ്യാപനം നടത്തി തെരെഞ്ഞെടുക്കപ്പെട്ടവരെ പുതിയ കൗൺസിൽ അംഗങ്ങളായി നിയമിക്കും.

# തെക്ക് കിഴക്കൻ ഏഷ്യയിലെ ക്രൈസ്തവ വളർച്ചാ റിപ്പോർട്ടുമായി ദ ഇക്കണോമിസ്റ്റ് വാരിക

പ്രകാശ് പി. കോശി

വരേണ്യവർഗ്ഗത്തിന്റേയും നയം രൂപീകരിക്കുന്നവരുടെയും വാരിക എന്നറിയപ്പെടുന്ന ദ ഇക്കണോമിസ്റ്റ് തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ സഭാവളർച്ചയെപ്പറ്റി ജനുവരി ആദ്യവാരം ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. സാധാരണ ക്രൈസ്തവ മാസികകളിലും പ്രസിദ്ധീകരണങ്ങളിലും ഇങ്ങെയുള്ള സർവ്വേകൾ വരാറുണ്ടെങ്കിലും പുരോഗമന വാദത്തിനും സാംസ്കാരിക നവീകരണ വാദത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു പത്രം പെന്തെക്കോസ്ത്/കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ വളർച്ചയെപ്പറ്റി റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് പല വായനകാർക്കും പുതുമയായിരുന്നു ക്രൈസ്തവ വളർച്ച മുരടിക്കുന്നു എന്ന വാർത്തകൾക്ക് പ്രചാരണം ഏറുമ്പോഴും ലോകത്തിന്റെ പല രാജ്യങ്ങളിലും സഭയുടെ വളർച്ച കാട്ടുതീ പോലെയാണെന്ന സത്യം മാധ്യമങ്ങൾക്ക് അധിക നാൾ മറച്ചുപിടിക്കാൻ കഴിയില്ല എന്നതിന് ഉദാഹരണമാണ് ഇക്കണോമിസ്റ്റ് വാർത്ത. പൊതുവെ ഈ റിപ്പോർട്ട് ഇന്ത്യോനേഷ്യ, മലേഷ്യ, സിംഗപൂർ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിലെ മെഗാചർച്ചുകളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു.

1970-കളിൽ ഈ രാജ്യങ്ങളിൽ എല്ലാംകൂടി ഒരുകോടി എഴുപത് ലക്ഷം വിശ്വാസികളാണ് ഉണ്ടായിരുന്നത്. എന്നാൽ 2015-ൽ ഇവരുടെ സംഖ്യ 20 കോടിയായി വളർന്നു.

1970-ൽ സിംഗപൂരിൽ പെന്തെക്കോസ്തുകാർ ജനസംഖ്യയുടെ 2% മാത്രമായിരുന്നു. എന്നാൽ 2015-ൽ അത് 8% മായി. ഇന്ത്യോനേഷ്യയിൽ ആയിരക്കണക്കിന് സഭകൾ സർക്കാർ അടപ്പിച്ചെങ്കിലും സുവിശേഷ വിഹിത സഭകൾ പീഡനത്തിലും വളരുന്നു.

ചൈനീസ് വംശജരാണ് ഏറ്റവും കൂടുതൽ വിശ്വാസത്തിലേക്ക് വരുന്നത്.

വിവാദ പാസ്റ്റർ കോംഗ് ഹിയുടെ സിറ്റി ഹാർവെസ്റ്റ് സഭയുടെ വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 16,000 വിശ്വാസികളാണ് സിറ്റി ഹാർവെസ്റ്റ് ചർച്ചിൽ ആരാധനയ്ക്ക് പോകുന്നത്. മെഗാ ചർച്ചുകളിലെ വിശ്വാസികൾ 50 ശതമാനം പേർക്കും ബിരുദം ഉണ്ട്. ഇവരിൽ ഭൂരിഭാഗവും ചൈനീസ് വംശജരും അക്രൈസ്തവ കുടുംബങ്ങളിൽ പിറന്നവരുമാണ്.

ഇക്കണോമിസ്റ്റ് റിപ്പോർട്ട് സഭകളുടെ ദൈവശാസ്ത്ര സങ്കല്പങ്ങളിലേക്കും വെളിച്ചം വീശാൻ ശ്രമിച്ചു. അതായത്, ഈ മെഗാ ചർച്ചുകൾ എല്ലാംതന്നെ അമേരിക്കൻ സ്റ്റൈൽ പ്രോസ്പിരിറ്റി ഗോസ്പൽ ആണ് പ്രസംഗിക്കുന്നത്. ഈ സഭകളിൽ എല്ലാം ധനം ദൈവത്തിന്റെ അനുഗ്രഹമായി പ്രഘോഷിക്കപ്പെടുന്നു. 30000-പേർ ആരാധിക്കുന്ന സിംഗപൂരിലെ ന്യൂക്രിയേഷൻ ചർച്ചിനെപ്പറ്റിയും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

ധനവിനിയോഗ കണക്കുകളിൽ സുതാര്യത ഇല്ലാത്തത് ഈ സഭകളുടെ പ്രധാന ബലഹീനതായി റിപ്പോർട്ടിൽ പറയുന്നു. സിറ്റി ഹാർവെസ്റ്റ് ചർച്ചിന്റെ പാസ്റ്റർ കോംഗ് ഹി സാമ്പത്തിക തിരിമറിയിൽ കോടതി കയറുന്നതും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. Escalators to heaven എന്ന തലക്കെട്ടുള്ള ഈ റിപ്പോർട്ട് പെന്തെക്കോസ്ത് വിഭാഗങ്ങളെ അവഗണിക്കുന്നവരുടെ കണ്ണ് തുറപ്പിക്കും. വിശ്വാസത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ സാധാരണ Ladders to heaven എന്ന പ്രയോഗമാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ മെഗാ ചർച്ചുകൾ ആധുനിക ടെക്നോളജി വളരെ ക്രിയാത്മകമായി ഉപയോഗിക്കുന്നതുകൊണ്ട് ഇക്കണോമിസ്റ്റ് വാരിക ഈ സത്യം പ്രതിഫലിക്കത്തക്ക രീതിയിൽ ഉള്ള ഒരു തലക്കെട്ട് റിപ്പോർട്ടിന് നൽകി, Escalators to heaven.

# സംഘാടക മികവോടും നേതൃത്വ പാടവത്തോടും റവ. ജോസഫ് വില്യംസ്



റവ. ജോസഫ് വില്യംസ്

സ്വാർത്ഥത ലേശമില്ലാതെയും വ്യക്തിതാൽപര്യമില്ലാതെയും സഭയെ നയിക്കുന്ന ഇദ്ദേഹം ഉത്സാഹശാലിയും മികച്ച സംഘാടകനും ലീഡറുമാണ്. തന്റെ പ്രവർത്തനത്തിലൂടെ നേതൃപാടവം തെളിയിച്ചിട്ടുള്ള പാസ്റ്റർ വില്യംസ് ദൈവസഭയെ നയിക്കുവാൻ പ്രാപ്തനായ ദൈവദാസനാണ്. അഴിമതിയുടെ കറപുരളാത്ത പ്രവർത്തന പാരമ്പര്യവും ആഴമായ ദർശനവും എല്ലാം തന്നെ വ്യത്യസ്തനാക്കുന്നു.

പുനലൂരിന് സമീപം വട്ടമൺ എന്ന കൊച്ചുഗ്രാമത്തിലെ തോപ്പിൽ കുടുംബം ആത്മീയ നിലവാരം കാത്തുസൂക്ഷിക്കുകയും ആ ദേശത്ത് എല്ലാവർക്കും പ്രിയപ്പെട്ടവരുമായിരുന്നു. മർത്തോമാ സഭാംഗങ്ങളായിരുന്ന ആ കുടുംബം പിന്നീട് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വന്നു. പാസ്റ്റർ ജോസഫ് വില്യംസിന്റെ ബാല്യപ്രായത്തിൽ തന്നെ പിതാവിനെ നഷ്ടപ്പെട്ടു. മാതാവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലുമാണ് വളർത്തപ്പെട്ടത്. അതിനുശേഷമാണ് ഈ കുടുംബം വിശ്വാസത്തിലേക്ക് വരുന്നത്. തോപ്പിൽ അമ്മച്ചി എന്ന അപരമാനത്തിൽ അറിയപ്പെട്ടിരുന്ന മാതാവ് മറ്റുള്ളവരോട് കരുണയുള്ള വ്യക്തിയായിരുന്നു. ജീവകാരുണ്യപരമായ പ്രവർത്തികളിൽ സജീവമായിരുന്ന പ്രീയ മാതാവിന്റെ കരങ്ങൾ അനേകർക്ക് ആശ്വാസമായി മാറി. വിദ്യാഭ്യാസത്തിനും വിവാഹത്തിനും വീടുപണിയുന്നതിനും ഒക്കെയായി അർഹരായവർക്ക് സഹായം നൽകുവാനും അനേകരുടെ കണ്ണീരൊപ്പുവാനും പ്രിയ മാതാവിനു സാധിച്ചു.

തോപ്പിൽ വില്യം ജോസഫ്-മേരി ദമ്പതികളുടെ ആറു മക്കളിൽ ഇളയ മകനാണ് പാസ്റ്റർ ജോസഫ് വില്യംസ് ജനിച്ചത്. പരേതനായ പാസ്റ്റർ തോമസ് ജോസഫ്, ജോസ് ഏബ്രഹാം (രാജു, റോക്ലാന്റ് ), സൈമൺ ജോസഫ് (കാനഡ), ജാനറ്റ്, സാറാമ്മ എന്നിവരാണ് സഹോദരങ്ങൾ.

പഠനത്തിൽ മികച്ച നിലവാരം പുലർത്തിയിരുന്ന ജോസഫ് വില്യംസ് M.Com-ന് ഉയർന്നമാർക്ക് വാങ്ങി ഉന്നത വിജയം കരസ്ഥമാക്കി. 1981-ൽ അമേരിക്കയിലെത്തിയ ഇദ്ദേഹം പെയ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് MBA കരസ്ഥമാക്കി. തുടർന്ന് ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് ഗവൺമെന്റിൽ ഫൈനാൻഷ്യൽ സർവ്വീസിൽ ബാങ്കിംഗ് ഓഫീസറായി ഔദ്യോഗിക ജീവിതം നയിക്കുന്നു.

കോളജ് പഠനകാലം മുതൽ തന്നെ സുവിശേഷവേലയിൽ സജീവ തൽപ്പരനായിരുന്നു ഇദ്ദേഹം. അക്കാലത്ത് തന്നെ പ്രസംഗിക്കുകയും മറ്റു ശുശ്രൂഷകളിൽ സജീവവുമായിരുന്നു. അമേരിക്കയിലെത്തിയ ശേഷവും സുവിശേഷവേലയിൽ താൽപര്യത്തോടെ പ്രവർത്തിച്ചുവന്നു. പ്രത്യേകിച്ചു യുവജന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. യുവജനങ്ങളുടെ പൊതുവേദിയായ ന്യൂയോർക്ക് പി.വൈ.എഫ്.എയുടെ പ്രസിഡന്റായിരുന്നു. ഐ.പി.സി. ഈസ്റ്റേൺ റീജിയൻ പി. വൈ. പി. എ.യുടെ രൂപീകരണത്തിൽ ഗണനീയ പങ്ക് വഹിച്ച ഇദ്ദേഹം പ്രഥമ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു.

ഐ.പി.സി.യുടെ പ്രധാന റീജിയണുകളിൽ ഒന്നായ ഈസ്റ്റേൺ റീജിയന്റെ വളർച്ചയിൽ റവ. ജോസഫ് വില്യംസിന്റെ നേതൃത്വം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ശരിയായ ദിശാബോധം നൽകുന്നതിന് ചിട്ടയോടുകൂടിയ തന്റെ പ്രവർത്തന ശൈലി വളരെ പ്രയോജകീഭവിച്ചു എന്നത് പ്രസ്താവ്യമാണ്. 12 വർഷങ്ങൾ റീജിയന്റെ സെക്രട്ടറി പദം അലങ്കരിച്ച ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അംഗീകാരം എന്ന നിലയിൽ റീജിയന്റെ പ്രസിഡന്റായി 2018 -ൽ ഇദ്ദേഹം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

ക്രമീകൃതമായ നിലയിൽ, വ്യവസ്ഥാപിതമായ രീതിയിൽ, ആത്മീയ കാഴ്ചപ്പാടിൽ കാര്യങ്ങൾ നിർവ്വഹിപ്പാനുള്ള തന്റെ ഇച്ഛാശക്തി പരക്കെ പ്രശംസ നേടുകയുണ്ടായി. ആത്മീയശുശ്രൂഷകൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം ശുശ്രൂഷാരംഗത്ത് അറിയപ്പെടുന്ന ദൈവദാസനാണ് റവ. ജോസഫ് വില്യംസ്.

നോർത്തമേരിക്കൻ ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ ചരിത്രത്തിൽ വളരെ വ്യത്യസ്തവും വിജയകരവുമായിരുന്നു 15-ാമത് കോൺഫറൻസ്. ആത്മീയ ശുശ്രൂഷകൾക്ക് പ്രത്യേകാൽ വചനശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകുകയും വിശ്വാസികളുടെയും ശുശ്രൂഷകരുടെയും പങ്കാളിത്വം ഉറപ്പാക്കുകയും ചെയ്ത സമ്മേളനത്തിന്റെ കൺവീനർ എന്ന നിലയിൽ പാസ്റ്റർ ജോസഫ് വില്യംസിന്റെ നേതൃപാടവം പരക്കെ പ്രശംസിക്കപ്പെട്ടു. കോൺഫറൻസിന്റെ ചരിത്രത്തിൽ ഇതുവരെ ലഭ്യമായതിലും വലിയ തുക മിച്ചം വന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ഈ തുക ഇൻഡ്യയിൽ ജീവകാരുണ്യപ്രവർത്തനത്തിനായി ചെലവഴിക്കുകയാണ്. ഇതിൽ നിന്നും 50 ലക്ഷം രൂപ നിർദ്ധനരായ യുവതികളുടെ വിവാഹ സഹായമായി നൽകുവാൻ ക്രമീകരണം നടന്നു വരുന്നു.

1981-ൽ അമേരിക്കയിലെത്തിയ പാസ്റ്റർ ജോസഫ് വില്ല്യംസ് 1996 വരെയും താൻ അംഗമായിരുന്ന സഭയുടെ ശുശ്രൂഷകനോടൊപ്പം ശുശ്രൂഷയിൽ പങ്കാളിത്വം വഹിച്ചുവന്നു. 1996-ൽ ന്യൂയോർക്കിലെ റോക്ലാന്റിൽ ആരംഭം കുറിച്ച ഇൻഡ്യാ പെന്തെക്കോസ്ത് ഫെലോഷിപ്പ് ചർച്ചിന്റെ (ഐ.പി.സി.) സ്ഥാപക പ്രസിഡന്റും സീനിയർ പാസ്റ്ററുമാണ് റവ. ജോസഫ് വില്യംസ്. അന്നത്തെ ഐ.പി.സി. ജനറൽ പ്രസിഡന്റായിരുന്ന പാസ്റ്റർ റ്റി. എസ്. ഏബ്രഹാം ഈ സഭ 1996-മെയ് 19-ന് ഉദ്ഘാടനം ചെയ്തു. സഭാശുശ്രൂഷകനായി വേർതിരിയപ്പെട്ട പാസ്റ്റർ ജോസഫ് വില്യംസിന് പാസ്റ്റർ റ്റി. എസ് ഏബ്രഹാം കൈവെയ്പ് നൽകി. ഇൻഡ്യയിലെ സുവിശേഷീകരണരംഗത്തും ജീവകാരുണ്യപ്രവർത്തനരംഗത്തും സഭ ശ്രദ്ധേയമായ പങ്കുവഹിക്കുന്നു.

മൂന്നു ടേമുകൾ ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായിരുന്നു. നിലവിൽ ഐ.പി.സി. ഭരണഘടനാ ഭേദഗതി കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഇതിനകം ഏറെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു.

സ്വാർത്ഥത ലേശമില്ലാതെയും വ്യക്തിതാൽപര്യമില്ലാതെയും സഭയെ നയിക്കുന്ന ഇദ്ദേഹം ഉത്സാഹശാലിയും മികച്ച സംഘാടകനും ലീഡറുമാണ്. തന്റെ പ്രവർത്തനത്തിലൂടെ നേതൃപാടവം തെളിയിച്ചിട്ടുള്ള പാസ്റ്റർ ജോസഫ് വില്യംസ് ദൈവസഭയെ നയിക്കുവാൻ പ്രാപ്തനായ ദൈവദാസനാണ്. അഴിമതിയുടെ കറപുരളാത്ത പ്രവർത്തന പാരമ്പര്യവും ആഴമായ ദർശനവും എല്ലാം തന്നെ വ്യത്യസ്തനാക്കുന്നു. സഹധർമ്മിണി: സുനിലാ ജോസഫ്. മക്കൾ: ബഞ്ചമിൻ, മേരിയാൻ



പാസ്റ്റർ സാംകുട്ടി മാത്യു, ചീഫ് എഡിറ്റർ

# നിത്യതയിൽ



**K J ഈപ്പൻ (കുഞ്ഞുമോൻ 72)**

**കുളത്തൂപ്പുഴ:** ഐ.പി.സി. നെല്ലിമൂട് എബൻഏസർ ചർച്ച് അംഗവും കല്ലുവെട്ടാംകുഴി കുന്നംപള്ളിയിൽ K J ഈപ്പൻ (കുഞ്ഞുമോൻ 72) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ പാസ്റ്റർമാരായ കുഞ്ഞുമോൻ വർഗീസ്, തോമസ് മാത്യു, എന്നിവരുടെ നേതൃത്വത്തിൽ കുളത്തുപ്പുഴ ഐപിസി സെമിത്തേരിയിൽ നടത്തി.

ഭാര്യ: സാറാമ്മ. മക്കൾ: ഷീബ ഈപ്പൻ, ഷേർളി ഈപ്പൻ, ഷീനു ഈപ്പൻ, മരുമക്കൾ: ബൈജു സ്റ്റീഫൻ, സജി ഈശോ പ്ലാച്ചേരി, ബിനു അഗസ്റ്റിൻ

സഹോദരങ്ങൾ: മോളി, ഓമന, അച്ചൻകുഞ്ഞ്, രാജു, സാംകുട്ടി, പാസ്റ്റർ മോനച്ചൻ, ജോർജ്കുട്ടി, റോയി, പരേതനായ പാസ്റ്റർ കുര്യൻ.



**ജെയ്സൺ ജോസ് (20)**

**പുനലൂർ:** ഉപ്പുകുഴി ഏ. ജി. സഭാംഗവും എബനേസർ വീട്ടിൽ ജോസ് തോമസിന്റെ മകൻ ജെയ്സൺ തോമസ് (20) ജനുവരി 4ന് കോയമ്പത്തൂരിൽ വെച്ചുണ്ടായ വാഹനാപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്നു. ജനുവരി 9–ന് ഭവനത്തിൽ നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് പാസ്റ്റർമാരായ ഏബ്രഹാം തോമസ്, മാത്യു സോളമൻ, സജി സാം എന്നിവർ നേതൃത്വം നൽകി. ഏ.ജി. മധ്യമേഖല ഡയറക്ടർ പാസ്റ്റർ റ്റി. വി. പൗലോസിന്റെ നേതൃത്വത്തിൽ പ്ലാച്ചേരി സെമിത്തേരിയിൽ സംസ്കാരം നടത്തി. പാസ്റ്റർ ജെ. ജോൺ മുഖ്യസന്ദേശം നൽകി. വിവിധ സഭകളെയും സംഘടനകളെയും രാഷ്ട്രീയപാർട്ടികളെയും പ്രതിനിധീകരിച്ച് ധാരാളം പേർ അനുശോചനം അറിയിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി കോർഡിനേറ്റർ പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. മാതാവ്: ലിസി തോമസ്, സഹോദരി ജസ്റ്റീന.

# പുനലൂർ സെന്റർ കൺവൻഷൻ ഫെബ്രുവരി 7 മുതൽ 11 വരെ

**പുനലൂർ:** ചരിത്രം ഉറങ്ങുന്ന തൂക്കുപാലത്തിന്റെ നാട്ടിൽ 44 –ാമത് ഐ.പി.സി പുനലൂർ സെന്റർ കൺവൻഷൻ ഫെബ്രുവരി 7 മുതൽ 11 വരെ പുനലൂർ കോളേജ് ജംഗ്ഷൻ കാരുവേലിൽ ഗ്രൗണ്ടിൽ വച്ച് നടക്കും. ഐ.പി.സി പുനലൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, പി.സി.ചെറിയാൻ, വർഗ്ഗീസ് ഏബ്രഹാം,ജോൺസൺ ഡാനിയേൽ, ബിജി ഫിലിപ്പ്, സിസ്റ്റർ ആനി ജോർജ്ജ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം എന്നിവയുടെ വാർഷികയോഗവും സെന്ററിലെ ശുശ്രൂഷകന്മാരും വിശ്വാസസമൂഹം പങ്കെടുക്കുന്ന സുവിശേഷറാലിയും നടക്കും. സംയുക്ത ആരാധനയോടെയും സമാപനസമ്മേളനത്തോടെയും ഞായറാഴ്ച(11/02/2018) കൺവൻഷൻ സമാപിക്കും. സ്പിരിചൽ വേവ്സ് അടൂർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# പിവൈപിഎ ജില്ലാസമ്മേളനം പെരിന്തൽമണ്ണയിൽ

**മലപ്പുറം:** പിവൈപിഎ മലപ്പുറം മേഖലയുടെ ജില്ലാസമ്മേളനം ജനുവരി ജനുവരി 26 ന് പെരിന്തൽമണ്ണ പഠിപ്പുര സ്റ്റേഡിയത്തിൽ നടക്കും.

വൈകിട്ട് 4.30 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ ഐപിസി മലബാർ മേഖലാപ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷത വഹിക്കുകയും പിവൈപിഎ സംസ്ഥാനപ്രസിഡണ്ട് സുധി കല്ലുങ്കൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്യും. പിവൈപിഎ സംസ്ഥാന സെക്രട്ടറി ലൈജു ജോർജ്, പാസ്റ്റർ കെ.ഒ. തോമസ് എന്നിവർ മുഖ്യ സന്ദേശം നൽകും. പൊതുസമ്മേളനം കൂടാതെ പ്രതിനിധി സമ്മേളനം, തെരുവുനാടകം, സാമൂഹ്യപ്രവർത്തനം, സുവിശേഷറാലി എന്നിവ നടക്കും.ജാഥ ക്യാപ്റ്റനായി പിവൈപിഎ മലബാർ മേഖലാ പ്രസിഡണ്ട് സാം കൊണ്ടാഴിയും വൈസ്ക്യാപ്റ്റനായി ജോസഫും സുവിശേഷറാലിയ്ക്ക് നേതൃത്വം നൽകും. പിവൈപിഎ മലപ്പുറം മേഖലാ പ്രസിഡണ്ടായി ഇവാ. ജോജി എബ്രാഹാം,സെക്രട്ടറിയായി ഇവാ. പ്രയ്സൺ കോഴാമല, ട്രഷറാറായി വിനോഷ് മാത്യു എന്നിവരടങ്ങുന്ന കമ്മറ്റി പ്രവർത്തിച്ചുവരുന്നു.


ബിലീവേഴ്സ് ജേണൽ
ക്രൈസ്തവ വാർത്താ പത്രിക
തിരുവല്ല ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഗ്രൗണ്ടിൽ
ബിലിവേഴ്സ് ജേണൽ സ്റ്റാൾ പ്രവർത്തിക്കുന്നതാണ്.
സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുക
വായിക്കൂ! വരിക്കാരാകൂ!.....
വാർഷിക വരിസംഖ്യ 200 രൂപ
Phone: 0469 2666995
Website: www.beljourn.com Email: beljourn@gmail.com


# ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ 2018



ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാഡുവേഷൻ സർവ്വീസ് ഡിസംബർ 30–ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ നടന്നു. ഡിസംബർ 30 – ന് ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ചുനടന്ന ബിരുദ ദാന സമ്മേളനത്തിൽ സഭാ നേതാക്കൾ, വിശ്വാസികൾ, സാമൂഹിക പ്രവർത്തകർ തുടങ്ങി ആയിരങ്ങളെ സാക്ഷി നിർത്തി സെമിനാരിയുടെ സ്ഥാപക പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ അവർക്ക് ബിരുദം നൽകി. വേദ പാണ്ഡിത്യവും, അനുഭവ സമ്പത്തുമുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 150–ൽ പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. ഡോ. രാജീവ് എം. തോമസ് പ്രിൻസിപ്പാളായും, റവ. ജോസ്ഫിൻ രാജ് അക്കാഡമിക് ഡീനായും, റവ.സുനീഷ് ജോൺസൺ രജിസ്ട്രാറായും ചുമതല വഹിക്കുന്നു. ഈ വർഷം 87 വിദ്യാർത്ഥികളാണ് പ്രേക്ഷിത ദൗത്യം എന്ന മഹാനിയോഗം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷ വയലുകളിലേക്ക് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും പുറത്തിറങ്ങിയത്. ഇവിടെ M.Th (Missiology), M.Th (Church History), M.Div, M.Div Distant Education, B.Th(Malayalam & English, Dip.Th (English) എന്നീ കോഴ്സുകൾ എ.റ്റി.എ അംഗീകാരമുള്ളതും G.Th (Malayalam) കോളേജ് കോഴ്സായും നടത്തപ്പെടുന്നു. അടുത്ത അധ്യയന വർഷം ഏപ്രിൽ 23 – ന് ആരംഭിക്കും.

# പുതുവത്സര സമ്മാനമായി 'ഇന്നയോളം' സംഗീത ആൽബം




**ദുബായ്:** എബനേസർ പി. വൈ. പി. എ.യുടെ പുതുവത്സര സമ്മാനമായി 'ഇന്നയോളം' സംഗീത ആൽബം പുറത്തിറങ്ങി. പാസ്റ്റർ വി. ഡി. തങ്കച്ചനിൽ നിന്നും കോപ്പി ഏറ്റുവാങ്ങി പി. വൈ. പി. എ. യു.എ.ഇ. റീജിയൻ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ പ്രകാശനം നിർവ്വഹിച്ചു. ജനുവരി 6ന് ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ റെജിമോൻ ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ തോമസ് ബാബു, റോബിൻ സാം മാത്യു, ബിനു ജോൺ, മെർലിൻ ഷിബു എന്നിവർ പ്രസംഗിച്ചു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് ഭാഷകളിലായി 10 ഗാനങ്ങളാണ് ആൽബത്തിലെ ഉള്ളടക്കം.


EASY TO READ! SIMPLE TO USE!




GET SABC NOW

ORDER NOW @ WWW.ODP.CO.IN

A ONE VOLUME COMMENTARY WRITTEN BY SOUTH ASIAN SCHOLARS

OPEN DOOR Publications Pvt. Ltd
Sanjay Park, Rani Road, Udaipur Raj. 313001
Email Us : sales@odp.co.in | Call Us : +91-294-2342904

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 11, ISSUE 02

BELIEVERS JOURNAL

PUBLISHED ON 28/01/2018

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10

# പെന്തെക്കോസ്തൽ അസംബ്ലി മസ്ക്കറ്റ് (OPA)45 – ന്റെ നിറവിൽ

## ചരിത്ര ഭൂമികയിലൂടെ....



മദ്ധ്യപൂർവദേശത്തെ (GCC) ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് കൂട്ടായ്മയായ പെന്തക്കോസ്തൽ അസംബ്ലി മസ്ക്കറ്റ് (OPA) വളർച്ചയുടെ 45-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 1973 ഡിസംബർ 23നു ഒമാന്റെ തലസ്ഥാനമായ മസ്ക്കറ്റിൽ സ്ഥാപിതമായ OPA, "ഏവരും ക്രിസ്തുവിൽ ഒന്ന്" (എഫേ 4:1-6) എന്ന വേദപുസ്തകാടിസ്ഥാനത്തിൽ ആപ്തവചനമായ "ആത്മാവിന്റെ ഐക്യത- SPIRIT OF UNITY' അന്വർത്ഥമാക്കി പ്രയാണം തുടരുന്നു. കേവലം 15 പേർ ചേർന്ന് ആരംഭിച്ച ഈ സഭ ഇന്ന് നൂറുമടങ്ങായി വർദ്ധിച്ചിരിക്കുന്നുയെന്നത് അഭിമാനകരമായ വസ്തുതയാണ്. രാജ്യത്തിന്റെ വിവിധ പ്രവിശ്യകളിൽ നിന്നുൾപ്പടെ ആയിരത്തിയഞ്ഞൂറോളം വരുന്ന അംഗങ്ങളുള്ള സഭയായി OPA ഇന്ന് വളർച്ചയിൽ ഗതിഭംഗമെന്യേ നിലകൊള്ളുന്നു. സഭാംഗങ്ങൾ വിവിധ പെന്തക്കോസ്ത് സംഘടനാ പശ്ചാത്തലമുള്ളവരെങ്കിലും വിഭാഗീയചിന്തകൾക്ക് വിധേയപ്പെടാതെ സ്നേഹബന്ധത്തിന്റെ ഊഷ്മളതയിലും ഐക്യതയിലും സഭയുടെ കെട്ടുപ്പണിക്കായി തങ്ങളാൽ ആവോളം പ്രയത്നിക്കുന്നത് തികച്ചും മാതൃകാപരമാണ്. പൂർവ്വപിതാക്കന്മാരുടെ വിശ്വാസദർശനത്തിനു വിഘാത മേല്പ്പിക്കാതെ വിശുദ്ധിയിലും വേർപാടിലും ആത്മാവിൽ പൂർണ്ണനായ ദൈവത്തെ ആരാധിക്കുവാൻ ദൈവജനം ഇന്നും ആവലോടെ കടന്നു വരുന്നു.

ദൃശ്യഭംഗികൊണ്ടും സമ്പൽസമൃദ്ധികൊണ്ടും മനോഹരമാണ് ഒമാൻ. എഴുപതുകളുടെ ആദ്യഘട്ടത്തിൽ എണ്ണഖനനത്തിലൂടെ ഒമാൻ എന്ന രാജ്യം സാമ്പത്തിക പുരോഗതിയിലേക്ക് പദമൂന്നിയപ്പോൾ ഒട്ടനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ഇന്ത്യക്കാർ ഉൾപ്പെടെയുള്ള ധാരാളം വിദേശികൾ ഈ രാജ്യത്തേക്ക് തൊഴിൽത്തേടി കടന്നു വരികയും ചെയ്തു. കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളായിരുന്നു അവരിൽ സിംഹഭാഗവും. ഒമാൻ എന്ന സംസ്കാരസമ്പന്നമായ രാജ്യത്തിലേക്ക് കുടിയേറിയവരിൽ പെന്തക്കോസ്തു വിശ്വാസികൾ അക്കാലത്ത് തുലോം കുറവായിരുന്നു. എങ്കിലും മലങ്കരയിൽ നിന്നും ഉപജീവനാർത്ഥം ഈ രാജ്യത്തേക്ക് കടന്നുവന്ന ക്രാന്തദർശികളായ ഒരു ചെറിയകൂട്ടം പെന്തക്കോസ്ത് വിശ്വാസികൾ ഒരുമിച്ചു കൈകോർത്തു. ആ എളിയ പരിശ്രമമാണ് ഇന്ന് നാം കാണുന്ന ഈ മഹത്തായ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. അവരുടെ നിശ്ചയദാർഢ്യവും പ്രാർത്ഥനയും ഈ സഭയുടെ വളർച്ചയ്ക്ക് നിധാനമായി. "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുത്" എന്നുള്ള നാഥന്റെ വാക്കുകൾ അവർക്ക് പ്രചോദനമേകി. പെന്തക്കോസ്ത് വിശ്വാസികൾക്ക് ഈ രാജ്യത്ത് സ്വന്തമായി ഒരു സഭവേണമെന്ന് അവർ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്തു. തൽഫലമായി ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന ബ്രദർ ജോർജ്ജ് വി. മഠത്തിൽ മുൻകൈയെടുത്ത് 1973 ഡിസംബർ 23നു ഒമാൻ പെന്തക്കോസ്തൽ അസംബ്ലി (OPA) എന്നപേരിൽ സഭ രൂപം കൊണ്ടു. ദൈവോന്മുഖമായുള്ള പ്രയത്നങ്ങൾ ദൈവസന്നിധിയിൽ വ്യർത്ഥമാകുകയില്ല എന്നതിന് ഉത്തമോദാഹരണമാണ് പെന്തക്കോസ്തൽ അസംബ്ലി മസ്ക്കറ്റ് (OPA).

ദൈവവചനം മാർഗ്ഗരേഖയായി ഒരു ഭരണഘടന സഭയുടെ സുഗമമായ നടത്തിപ്പിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണഘടനപ്രകാരം ഒ.പി.എ.യുടെ തന്നാണ്ട് ശുശ്രൂഷകൻ പ്രസിഡണ്ടും, വർഷംതോറും തിരഞ്ഞെടുക്കുന്ന സെക്രട്ടറി, ജോ.സെക്രട്ടറി, ട്രഷറർ, ജോ. ട്രഷറർ, കമ്മറ്റി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ആത്മനിറവും സ്വഭാവദാർഢ്യവുമുള്ള സഹോദരങ്ങളുടെ ഒരു കാര്യനിർവ്വണസമിതി സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ചുമതല വഹിച്ചു വരുന്നു. എല്ലാ തീരുമാനങ്ങളും സഭയുടെ അംഗീകാരത്തോടെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുന്നു. കേരളത്തിലെ മുഖ്യധാരാ സഭകളായ IPC, COG, AG, SHARON എന്നീ നാലുസഭകളിൽ നിന്നും തിരഞ്ഞെടുത്ത് അയയ്ക്കുന്ന വചനപാണ്ഡിത്യവും ദൈവകൃപയും നിറഞ്ഞ പ്രഗൽഭരായ ദൈവദാസന്മാർ രണ്ടു വർഷത്തെ കാലാവധിയിൽ ശുശ്രൂഷകൻമാരായി സേവനം അനുഷ്ഠിക്കുന്നു. പ്രസ്തുത വിഷയത്തിൽ സഹായിക്കുന്ന സഭാനേതൃത്വങ്ങളോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. ദൈവം ആത്മാവാകുന്നു, ആത്മാവാം ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കേണമെന്ന കർത്താവിന്റെ കൽപ്പനാനുസരണം ആരാധനാകൂട്ടായ്മകൾ നടന്നു വരുന്നു. 1976 മുതൽ എല്ലാ വെള്ളിയാഴ്ചകളിലും ആരംഭിച്ച പ്രധാന സഭായോഗം ഇന്നും അനുസ്യൂതം തുടരുന്നു. വ്യാഴം വെള്ളി ദിനങ്ങളിൽ നടക്കുന്ന പ്രധാന ആരാധനായോഗങ്ങൾ കൂടാതെ ആഴ്ച്ചകളിലെ എല്ലാ ദിനങ്ങളിലും മറ്റനേക കൂടിവരവുകളും നടന്നു വരുന്നു. ബൈബിൾ സ്റ്റഡി, വിവിധഭാഷാ കൂടിവരവുകൾ, പ്രയർ സെൽ, യൂത്ത് ഫെല്ലോഷിപ്പ്, സോദരി സമാജം, സണ്ടേസ്കൂൾ, ഗോസ്പൽ ടീം മീറ്റിംഗ് എന്നിവയും അത്യധികം അനുഗ്രഹമായി തുടർന്നു പോരുന്നു. ദേശത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്ന ദൈവമക്കൾ പ്രാദേശികതലത്തിൽ ആരംഭിച്ച കൂട്ടായ്മകൾ പതിനഞ്ചലധികം ബ്രാഞ്ച് സഭകളായി പ്രവർത്തിച്ചു വരുന്നു. അവയുടെ നേതൃത്വങ്ങളുടെ അഭിനന്ദനീയമായ പ്രവർത്തനങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവരുമായി നിരന്തരബന്ധം പുലർത്തുന്നതിനായി ഇന്റീരിയർ കോർഡിനേറ്റർമാരെ അതാതു വർഷങ്ങളിൽ സഭാകമ്മറ്റി ചുമതലപ്പെടുത്തുന്നു. വർഷത്തിൽ ഒരിക്കൽ ഈദ് അവധിയോടനുബന്ധിച്ചു രണ്ടു ദിവസത്തെ ദേശീയസമ്മേളനവും (OPANAC) സംഘടിപ്പിച്ചു വരുന്നത് ദേശത്ത് ചിതറിപ്പാർക്കുന്നവർക്ക് ഒത്തു ചേരുന്നതിനും ആത്മീയബന്ധം പുതുക്കുന്നതിനും കാരണമാകുന്നു. എല്ലാവർഷവും രണ്ടു സമയങ്ങളായി ഒരാഴ്ചവീതം നീണ്ടു നിൽക്കുന്ന കൺവൻഷനുകളും ബൈബിൾ ക്ലാസും നടത്തപ്പെടുന്നു. പ്രസ്തുത യോഗങ്ങളിൽ അനുഗ്രഹീതരായ OPA Choir സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്നു. പുത്രികാ സംഘടനകളായ യൂത്ത് ഫെല്ലോഷിപ്പ്, സോദരി സമാജം, സണ്ടേസ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങൾ സഭയുടെ വളർച്ചയ്ക്ക് മികച്ചപിന്തുണ നൽകി വരുന്നു. രണ്ടാം നിര നേതൃത്വത്തെ വാർത്തെടുക്കുന്നതിൽ പുത്രികാസംഘടനകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. ഓരോ വർഷവും തിരഞ്ഞെടുക്കുന്ന ഭരണസമിധികൾ അതിനു നേതൃത്വം നൽകിവരുന്നു. പുത്രികാസംഘടനകൾ വിവിധമേഖലകളിൽ അവരുടെ സഹായം എത്തിക്കുന്നതിൽ ഉത്സുകരാണ്. വിദ്യാഭ്യാസ സഹായം, വിധവാ സഹായം, രോഗികൾ, വിവാഹം, ഭവനനിർമ്മാണ സഹായം, തുടങ്ങി നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ സമൃദ്ധമായി ഭ്രംശമെന്യേ ചെയ്തുവരുന്നു. ആത്മാക്കളെക്കുറിച്ചുള്ള എരിവ് പ്രചോദനമായി നിത്യരാജ്യത്തിന്റെ വ്യപ്തിക്കായി പ്രവർത്തിക്കുന്ന ഒരു ഗോസ്പൽ ടീം കർമ്മനിരതരായി നിലകൊള്ളുന്നു. യുവതീയുവാക്കളിലുള്ള നൈസർഗ്ഗികവാസന കണ്ടെത്തി അവ ദൈവനാമമഹത്വത്തിനായി പ്രയോജനപ്പെടുത്തുകയും അവരുടെ താലന്തുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പുത്രികാസംഘടനകളുടെ നേതൃത്വം ഉൾപ്പെടുന്ന വിപുലമായ താലന്ത് ടെസ്റ്റ് കമ്മറ്റി പ്രവർത്തിക്കുന്നു. അങ്ങനെ സഭയിലെ കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ദൈവസഭയ്ക്ക് മുതൽക്കൂട്ടായി തീരുന്നത് സഭയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ആത്മീയഭൗതീക മേഖലകളിൽ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒ.പി.എ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഉത്സുകരാണ്. അശരണർക്ക് ആലംബമായും ആകുലർക്ക് ആശ്വാസമായും വീഴ്ചയിൽ കൈത്താങ്ങായും തങ്ങൾക്കു ലഭിച്ച സമയവും ധനവും നിർല്ലോഭം നൽകാൻ കഴിയുന്നുവെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. OPACESS എന്നൊരു ഘടകം ആ നിലയിൽ പ്രവർത്തിക്കുന്നത് എടുത്തുപറയേണ്ടുന്ന വസ്തുതയാണ്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന OPA മുൻകാല അംഗങ്ങളും കൂടി ഒരുമിച്ചു നടത്തുന്ന ഈ പ്രവർത്തനം വെട്ടിയാർ കേന്ദ്രമാക്കി ഇന്ന് പ്രവർത്തിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഒരു മീഡിയാ റ്റീം പ്രവർത്തിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വെബ്സൈറ്റ് ആയ www.opamuscat.com ൽ ലഭ്യമാണ്.

നാൾവഴികളിൽ പ്രകാശമായും, ചോദിച്ചതിലും നിനച്ചതിലും അത്യന്തംപരമായി ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവശക്തിയായും ഈ മരുഭൂപ്രായണയാത്രയിൽ കരുത്തോടെ വളരുമാറാക്കിയ സർവ്വശക്തന് സർവ്വബഹുമാനവും നന്ദിയും അർപ്പിക്കുന്നു. സഭയുടെ സമഗ്രവളർച്ചയിൽ പങ്കാളികളായ എല്ലാ മാന്യവ്യക്തിത്വങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. അതേ, OPA വളർച്ചയുടെ പാതയിലാണ്. ആകയാൽ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.

ക്രിസ്തുവിൽ

**ജോർജ്ജ് കെ. സാമുവേൽ**
**(ജോർജ്ജുകുട്ടി) സെക്രട്ടറി, OPA**

**Media Team OPA/www.opamuscat.com**

### From the Pastor's Desk

**പാസ്റ്റർ കെ. എ. ജോൺ**
(പാസ്റ്റർ & പ്രസിഡന്റ്)
പെന്തക്കോസ്തൽ അസംബ്ലി മസ്ക്കറ്റ് (OPA)



*സ്നേഹവന്ദനങ്ങൾ !!*

നാലരപ്പതിറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള മലയാളി പെന്തക്കോസ്ത് സമൂഹത്തിനു അഭിമാനമായി OPA നിലകൊള്ളുന്നു. മരുഭൂമിയിൽ മരുപ്പച്ചതേടിയെത്തുന്ന ഉദ്യോഗാർത്ഥികൾക്ക് കൂട്ടായ്മയുടെ പിൻബലമേകുന്നതോടൊപ്പം അനേകായിരങ്ങളെ ക്രിസ്തുവിൽ തികഞ്ഞവരായി നിർത്തുകയും നിത്യതയ്ക്കായി ഒരുക്കുകയും ചെയ്യുന്നതിൽ സഭ എരിവോടെ പ്രവർത്തിക്കുന്നു.

താലന്തുകളിൽ വ്യത്യസ്തത പുലർത്തുന്നവരെങ്കിലും ഐക്യതയ്ക്ക് ഭംഗമേൽക്കാതെ ഓരോരുത്തരും അവരവരുടെ ശുശ്രൂഷകൾ അഭംഗുരം ചെയ്തു പോരുന്നത് അഭിനന്ദനീയമാണ്. സഭയുടെ കെട്ടുപണിയെ വീടുപണിയുന്ന നിർമ്മാണരീതിയോടാണ് ആലങ്കാരികമായി ഉപയോഗിക്കുന്നത്. ഒരുവൻ പണിതതിനോട് ചേർന്നു പണിയപ്പെടുമ്പോൾ ക്രിസ്തുയേശു എന്ന അടിസ്ഥാനത്തിന്മേൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അപ്രകാരം, OPA യുടെ ഇന്നത്തെ വളർച്ചയ്ക്ക് ഒരു കാരണമായത് ഒന്നായിച്ചേർന്നുള്ള പ്രവർത്തന ശൈലിയാണ്. നിസ്സീമവും നിർദ്വന്ദ്വവുമായ അനേകരുടെ കഠിനപ്രയത്നങ്ങൾ കെട്ടുറപ്പുള്ള ഒരു പ്രസ്ഥാനത്തിനു നാന്ദികുറിച്ചു. അവരിൽ ചിലർ ഇന്ന് കർത്താവിൽ വിശ്രമിക്കുന്നു. മറ്റനേകർ ലോകത്തിന്റെ വിവിധ കോണുകളിൽ ഉപജീവനം തേടിയാത്രയായി; അപ്പോഴും ആത്മാവിന്റെ ഐക്യതയെന്ന ആപ്തവാക്യം ഉൾക്കൊണ്ട് അവർ സഭയോട് ഇന്നും കൂറ് പുലർത്തിപ്പോരുന്നു. ഓരോ വർഷവും ധാരാളം പുതിയ വിശ്വാസികൾ സഭയോടു ചേരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. വൈവിധ്യമായ സ്വഭാവങ്ങളും സഭാപശ്ചാത്തലങ്ങളും ഉള്ളവരെങ്കിലും ഏകതയിൽ ഊന്നിയ പ്രവർത്തനങ്ങൾ സഭയുടെ മുന്നേറ്റത്തിനു ആക്കം കൂട്ടുന്നു.

വ്യക്തിതാല്പ്പര്യ സംരക്ഷണത്തിലും സ്ഥാപിതതാല്പ്പര്യങ്ങളിലും അധിഷ്ഠിതമായി ദൈവീക പദ്ധതിയ്ക്ക് വിഘ്നം വരുത്താതെ മുന്നേറിയാൽ പാതാളഗോപുരങ്ങൾക്ക് തകർക്കുവാൻ കഴിയാത്ത ശക്തിയായി സഭ ഈ മരുഭൂമിയിൽ ഇനിയും പുരോഗതി പ്രാപിക്കും. ദൈവീകപദ്ധതിയ്ക്ക് വിധേയരായി നിന്ന് വെല്ലുവിളികളെ അതിജീവിക്കുവാൻ OPA യ്ക്ക് കഴിയട്ടെയെന്ന് പ്രാർഥിക്കുന്നു.



## കൗൺസിൽ മെമ്പേഴ്സ്



| | | | | |
|---|---|---|---|---|
| പാസ്റ്റർ കെ. എ. ജോൺ പ്രസിഡന്റ് | ജോർജ്ജ് കെ. സാമുവേൽ സെക്രട്ടറി | സണ്ണി പി. തോമസ് ജോ. സെക്രട്ടറി | സജി വർക്കി ട്രഷറർ | എബ്രഹാം പി. ജെ. ജോ. ട്രഷറർ |
| ഫെയ്ത്ത് എബ്രഹാം കൗൺസിൽ അംഗം | ഐസക് സാമുവേൽ കൗൺസിൽ അംഗം | മാത്തുണ്ണി ജി കൗൺസിൽ അംഗം | ജേക്കബ് മാത്യു കൗൺസിൽ അംഗം | മാത്യു പി. എസ് കൗൺസിൽ അംഗം |



| സണ്ടേസ്കൂൾ | യൂത്ത് ഫെല്ലോഷിപ്പ് | സോദരി സമാജം |
|---|---|---|
| വിൽസൻ വി. വി. പ്രിൻസിപ്പാൾ | സാം ജോൺസൺ സെക്രട്ടറി | കുഞ്ഞുമോൾ ബിജു സെക്രട്ടറി |

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.